# കലാവിദ്യാഭ്യാസം

## ടീച്ചർ ടെക്സ്റ്റ്

## പാർട്ട് - 1

സ്റ്റാൻഡേർഡ്

**VII**

# 1. കൂടൊരുക്കാം

## 1.1 അരങ്ങുണർത്തുന്ന അനുഷ്ഠാനകലകൾ

**ആമുഖം**

അനുഷ്ഠാനമായിരിക്കുകയും അതേസമയം കലാപരമായ സവിശേഷതകൾ ഉൾക്കൊള്ളുന്നവയുമാണ് അനുഷ്ഠാന കഥകൾ. ഓരോ നാടിന്റെയും പുരാവൃത്തങ്ങളും, വിശ്വാസങ്ങളും നിലനിർത്തുന്നവകൂടിയാണ് അനുഷ്ഠാനകലകൾ. കേരളത്തിന്റെ പല പ്രദേശങ്ങളിലായി അനുഷ്ഠിച്ചു പോരുന്ന ഗദ്ദിക, തെയ്യം, പടയണി, പൂതൻതിറ, പരിചമുട്ട് കളി, ദഫ്മുട്ട്, പാസിൻ തുള്ളൽ തുടങ്ങിയ അനുഷ്ഠാന കലാ രൂപങ്ങളെക്കുറിച്ച് പരാമർശിക്കുകയും പരിചയപ്പെടുത്തുകയുമാണ് ഈ യൂണിറ്റിൽ.

### യൂണിറ്റ് ഫ്രെയിം

**പഠന ലക്ഷ്യം**

- അനുഷ്ഠാനകലകളും ദൃശ്യ കലകളും തമ്മിലുള്ള വ്യത്യാസങ്ങൾ മനസ്സിലാക്കുന്നു.
- അനുഷ്ഠാനകലകളിലും ദൃശ്യ കലകളിലുമുള്ള വിന്യാസങ്ങളെക്കുറിച്ച് നിരീക്ഷിക്കാനുള്ള പ്രചോദനമുണ്ടാകുന്നു.
- വിശ്വാസങ്ങളിലൂന്നിയ കലാവതരണങ്ങളിൽ ഉൾച്ചേർന്നിരിക്കുന്ന ഒരു നാടിന്റെയോ പ്രദേശത്തിന്റെയോ സാംസ്കാരികവും സാമൂഹികവുമായ സവിശേഷതകൾ മനസ്സിലാക്കാനുള്ള പ്രേരണ.
- അനുഷ്ഠാന കലകൾ അവതരിപ്പിക്കപ്പെടുന്ന മരങ്ങളെക്കുറിച്ച് അവബോധം ഉണ്ടാകുന്നു.

| ആശയങ്ങൾ/ ധാരണകൾ | പഠന പ്രവർത്തനങ്ങൾ/ പഠന തന്ത്രങ്ങൾ | പഠന സാമഗ്രികൾ | ഉൽപ്പന്നങ്ങൾ |
|---|---|---|---|
| • അനുഷ്ഠാനങ്ങളും കലകളും ചേർന്ന് അതത് പ്രദേശത്തിന്റെ നാട്ടുവഴ ക്കങ്ങളും പുരാവൃത്തങ്ങളും നില നിർത്തുന്നു.<br>• നാടിന്റെ സാമൂഹികവും സാംസ്കാരികവുമായ സ്പന്ദനങ്ങളിൽ അനുഷ്ഠാന കലകൾ ഇടപെടുന്നു.<br>• വിവിധങ്ങളായ ജീവിതാവസ്ഥകളെ പ്രതിഫലിപ്പിക്കുന്നവ | • ജനങ്ങളുടെ നിത്യ ജീവിതത്തിൽ വിശ്വാസമായും അനുഷ്ഠാനമായും നിലനിൽക്കുന്നവയാണ് അനുഷ്ഠാന കലകൾ എന്ന് മനസ്സിലാക്കുന്നു.<br>• ഇവ പ്രകൃതിയുമായി അഭേദ്യബന്ധം പുലർത്തുന്നതായി മനസ്സിലാക്കുന്നു.<br>• അനുഷ്ഠാനകലകളിലെ നൃത്ത സവിശേഷതകളായ ശരീര ചലനങ്ങളും ദൃശ്യകലകളിലെ ശരീരചലനങ്ങളും തമ്മിൽ താരതമ്യം ചെയ്യാനുള്ള കഴിവ് | • ഐസിടി<br>• ചാർട്ട് | • കുട്ടികൾ ചെയ്യുന്ന ഗദ്ദികയുടെ ചലനത്തിന്റെ വീഡിയോ ഫയൽ<br>• കുട്ടികൾ തയ്യാറാക്കുന്ന കുറിപ്പുകൾ |

| | | | |
|---|---|---|---|
| യാണ് അനുഷ്ഠാന കലകൾ.<br>• പ്രകൃതിയുമായി ഇവയ്ക്ക് അഭേദ്യമായ ബന്ധമുണ്ട് എന്ന ധാരണ.<br>• അനുഷ്ഠാന കലകൾ ഓരോന്നിലും ഉൾച്ചേർന്നിട്ടുള്ള കലാപരമായ സവിശേഷതകളെക്കുറിച്ചുള്ള ധാരണ.<br>• വ്യത്യസ്ത ശരീര ചലന സാധ്യതകളെക്കുറിച്ചും ശബ്ദ, ഗീത, വാദ്യ പ്രയോഗ രീതികളെക്കുറിച്ചുമുള്ള ധാരണ. | ആർജിക്കുന്നു.<br>• അനുഷ്ഠാന കലകളിലെ ഗീതവാദ്യപ്രയോഗങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നു. | | |

**പാഠഭാഗത്തിലൂടെ....**

**പീരിഡ് - 1**

" തരതാനെ തരി താനേ തന്താനേ തനതാനി നാ

തര താനേ തരി താനേ തന്താനേ തനതാനി നാ"

പാഠപുസ്തകത്തിൽ കൊടുത്തിരിക്കുന്ന ഈ വായ്ത്താരി ഈണത്തിൽ പാടിക്കൊണ്ടാണ് ടീച്ചർ ക്ലാസ് ആരംഭിക്കുന്നത്. എല്ലാ കുട്ടികളും ചേർന്ന് ടീച്ചറിനൊപ്പം ഈണത്തിൽ കൈകൾ കൂട്ടി പാടുന്നു.

തുടർന്ന് കുട്ടികളെ ഗ്രൂപ്പുകളായി തിരിക്കുന്നു. ഓരോ ഗ്രൂപ്പും വട്ടത്തിൽ നിന്ന് വായ്ത്താരി ഈണത്തിൽ പാടി സ്വയം കറങ്ങിക്കൊണ്ട് ചുവടുകൾ വയ്ക്കുവാൻ ആവശ്യപ്പെടുന്നു.

(ഗ്രൂപ്പിലെ എല്ലാ അംഗങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്തണം)

ഇത്തരത്തിലുള്ള ഒരു നൃത്തരൂപം പരിചയപ്പെടാം എന്ന് ആമുഖത്തോടെ ഗദ്ദിക എന്ന നൃത്തരൂപം പരിചയപ്പെടുത്തുന്നു. പാഠപുസ്തകത്തിലെ വിശദാംശങ്ങളോടെയും, ചിത്രത്തിലൂടെയും, ഐസിടി സാധ്യതയിലൂടെ വീഡിയോ പ്രദർശിപ്പിച്ചു കൊണ്ടും ഗദ്ദികയെ പരിചയപ്പെടുത്തുന്നു.

ശേഷം ഗദ്ദികയുടെ അവതരണത്തിന്റെ സവിശേഷതകൾ കുട്ടികൾ മനസ്സിലാക്കിയത് പാഠ പുസ്തകത്തിലെ പട്ടികയിലൂടെ പൂർത്തിയാക്കുവാൻ ആവശ്യപ്പെടുന്നു.

(ഓരോ കുട്ടിയും പട്ടിക പൂർത്തിയാക്കാനുള്ള നിർദ്ദേശം നൽകണം)

ഗദ്ദിക എന്ന അനുഷ്ഠാന നൃത്തരൂപത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കാനുള്ള പ്രവർത്തനം നൽകുന്നു.

**പീരീഡ് 2**

രണ്ടാം പിരീഡിൽ കേരളത്തിലെ ചില അനുഷ്ഠാന നൃത്തരൂപങ്ങളുടെ ചിത്രങ്ങൾ കാണിച്ചുകൊണ്ടാണ് ക്ലാസ് ആരംഭിക്കുന്നത്. പാഠപുസ്തകത്തിൽ നൽകിയിരിക്കുന്ന ചിത്രങ്ങളെ തിരിച്ചറിയാൻ കുട്ടികളോട് ആവശ്യപ്പെടുന്നു.

തുടർന്ന് ഒരു പ്രവർത്തനത്തിലേക്കാണ് പോകേണ്ടത്. പ്രാദേശികമായ അനുഷ്ഠാന കലാരൂപങ്ങളെ കുറിച്ച് കുറിപ്പ് തയ്യാറാക്കുവാനുള്ള പ്രവർത്തനം എല്ലാ കുട്ടികൾക്കും നൽകുന്നു.

പ്രശസ്ത ദഫ്മുട്ട് കലാകാരൻ കാപ്പാട് അഹമ്മദ് കുട്ടി മുസ്ലിയാർ, ഗദ്ദിക കലാകാരൻ പി .കെ കാളൻ എന്നിവരെ ഈ യൂണിറ്റിലൂടെ കുട്ടികൾക്ക് പരിചയപ്പെടുത്തി കൊടുക്കുന്നു.

**നാട്ടുഗദ്ദിക**

പൊതു ക്ഷേമത്തിനായി അവതരിപ്പിക്കുന്നു.

**പൂജാഗദ്ദിക**

പൂർണ്ണമായും അനുഷ്ഠാനമായി അവതരിപ്പിക്കുന്നതാണ് പൂജാഗദ്ദിക. രോഗശമനത്തിനും മറ്റ് ആവശ്യങ്ങൾക്കുമായി നേരുന്ന നേർച്ചയുടെ ഭാഗമായാണ് ഇത് നടത്തുന്നത്.

സംഘമായാണ് ഗദ്ദിക അവതരിപ്പിക്കുക. പുരുഷൻ തുടി എന്ന വാദ്യമുപയോഗിച്ച് താളം പിടിച്ചു പാടുകയും സ്ത്രീകൾ നൃത്തം വയ്ക്കുകയും ചെയ്യുന്നു. ഭാഗികമായി കുനിഞ്ഞാണ് ഇവർ ചുവടുവയ്ക്കുന്നത്. ഗദ്ദികക്കായി പ്രത്യേകം പാട്ടുകളുണ്ട്. മലയാളം, കന്നട ഭാഷകൾ കലർന്ന ഗോത്ര ഭാഷയിലാണ് ഗാനം. ഈ വിവരങ്ങൾ അധികമായി നൽകണം. തുടർന്ന് ചർച്ചകളും ചില ചുവടുവയ്പുകളും ചെയ്തുനോക്കണം.

പ്രായോഗിക പ്രവർത്തനങ്ങൾ ചെയ്തുനോക്കുന്നതിലൂടെ കലാവതരണത്തിലെ വ്യത്യസ്തങ്ങളായ ശരീരങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് പറഞ്ഞുകൊടുക്കണം.

മറ്റു അനുഷ്ഠാനകലകളെ പരിചയപ്പെടുത്തുമ്പോൾ അവയുടെ സവിശേഷതകളും സമാനമായി പരിചയപ്പെടുത്തണം.

**വിലയിരുത്തൽ ചോദ്യങ്ങൾ**

- അനുഷ്ഠാനകലകളും ദൃശ്യകലകളും തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ എന്തെല്ലാം?
- അനുഷ്ഠാനകലകൾ എന്ന ചില കലാരൂപങ്ങളെ വ്യവസ്ഥപ്പെടുത്തിയിരിക്കുന്നത് എന്തുകൊണ്ട്?
- വീഡിയോകളിലൂടെയും ചിത്രങ്ങളിലൂടെയും പരിചയപ്പെട്ട അനുഷ്ഠാനകലകളുടെ വേഷ വിധാനങ്ങൾ പ്രകൃതിയുമായി സൗഹൃദം പുലർത്തുന്നവയാണോ? വിശദീകരിക്കുക.

## 1.2 നെയ്യപ്പം

സൗഹൃദവും സഹവർത്തിത്ത്വവും വർധിപ്പിക്കാൻ നാടോടികഥകൾക്കും അന്യാപ ദേശകഥകൾക്കും സാധ്യമാവുന്നു. പല ദേശങ്ങളിലും പല ഭാഷകളിലുമുള്ള നാടോടി കഥകളിലൂടെ സഞ്ചരിക്കുമ്പോൾ ആ നാടുകളിലെ കലാസാംസ്കാരിക മൂല്യങ്ങളും അനുഭവങ്ങളും വിനിമയം ചെയ്യപ്പെടുന്നു. ലളിതമായി മൂല്യങ്ങളെ പകർന്നു തരുന്നതോടൊപ്പം മാനസികോല്ലാസവും ആസ്വാദനവും നാടോടി കഥകൾ പകർന്നു തരുന്നു.

പലദേശങ്ങളിലെ നാടോടി കഥകൾ വ്യത്യസ്തമായ ദൃശ്യബോധം സൃഷ്ടിക്കാനുള്ള സാധ്യതകൾ തുറന്നു തരുന്നു. നൈപുണികൾ മൂല്യങ്ങൾ എന്നിവ സാമൂഹ്യജീവി എന്ന നിലയിൽ ജീവിതത്തിൽ പകർത്താനും മറ്റുള്ളവർക്ക് പകർന്നു നൽകാനും സാധ്യമാവുന്നു.

കഥാപാത്രങ്ങൾ മനുഷ്യനെന്നോ പക്ഷിമൃഗാദികൾ എന്നോ അതിർ വരമ്പുകളില്ലാത്ത സഹവർത്തിത്ത്വത്തിൽ ഏർപ്പെടുന്ന ഉന്നതമായ ഒരു സഹൃദ കാഴ്ചപ്പാടാണ് നാടോടികഥകളിലൂടെ മുന്നോട്ട് വയ്ക്കുന്നത്.

### യൂണിറ്റ് ഫ്രെയിം

**പഠനലക്ഷ്യം**

- കേട്ട് പരിചയിച്ച കഥാസന്ദർഭങ്ങളെ ദൃശ്യവക്കരിക്കാനുള്ള ശേഷി ആർജ്ജിക്കുന്നു.

| ആശയം/ധാരണ | പഠനപ്രവർത്തനങ്ങൾ/ പഠന തന്ത്രങ്ങൾ | പഠന സാമഗ്രികൾ | ഉൽപ്പന്നങ്ങൾ |
|---|---|---|---|
| • കഥകളിൽ നിന്ന് കഥാ പാത്രങ്ങൾ രൂപപ്പെടുന്നു.<br>• കഥാപാത്രങ്ങൾക്കനുസരിച്ചുള്ള അഭിനയ രീതികൾ<br>• അവതരണത്തിൽ വേഷവിധാനം, ചമയം, രംഗപടം എന്നിവയുടെ പങ്ക്. | • 4 ചിത്രങ്ങളിലൂടെ നെയ്യപ്പത്തിന്റെ കഥ അവതരിപ്പിക്കുന്നു.<br>• 4 ഗ്രൂപ്പായ് തിരിഞ്ഞ് നാടകവുമായ് ബന്ധപ്പെട്ട കഥാപാത്രങ്ങൾ, അഭിനയം, വേഷവിധാനം, ചമയം, രംഗപടം, രംഗവസ്തുക്കൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നു.<br>• ചർച്ച ചെയ്ത് കണ്ടെത്തി. കാര്യങ്ങൾ ക്ലാസ് റൂമിൽ അവതരിപ്പിക്കുന്നു. ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കുന്നു.<br>• പ്രൊസീനിയം സ്റ്റേജ് ഐ.സി.ടി. സാധ്യതകൾ ഉപയോഗിച്ച് കാണിക്കുന്നു. പരിചയപ്പെടുന്നു.<br>• നാടകചരിത്രത്തെപ്പറ്റി സാമാന്യ അവബോധം കുട്ടികളിൽ ഐ.സി.റ്റി. സാധ്യതകളിലൂടെ ഉണ്ടാക്കുന്നു. | • ചാർട്ട് പേപ്പർ<br>• കാർഡ് ബോർഡ്<br>• ബ്രഷ്<br>• പെയിന്റ്<br>• മാർക്കർ<br>• പാത്രങ്ങൾ<br>• തുണികൾ<br>• (ഷാൾ) | • രംഗവസ്തുക്കൾ<br>• രംഗസാമഗ്രികൾ<br>• വേഷങ്ങൾ |

**പാഠഭാഗത്തിലൂടെ.......**

**പീരിഡ് - 1**

**പ്രവർത്തനം -1**

ടീച്ചർ ക്ലാസ് റൂമിൽ കിട്ടാവുന്ന, കയ്യിലൊതുങ്ങുന്ന ഒരു വസ്തു കണ്ടെത്താൻ കുട്ടികളോട് ആവശ്യപ്പെടുന്നു. ഉദാഹരണത്തിന് തൊപ്പി, ഷോൾ. കുട്ടികളെ ഗ്രൂപ്പായി തിരിച്ചശേഷം അവർക്ക് മൂന്നോ നാലോ സന്ദർഭങ്ങൾ കൊടുക്കുന്നു. ഉദാഃ മാർക്കറ്റ്, കല്യാണവീട്, സ്കൂൾ, ബസ് സ്റ്റോപ്പ്.... ഇത്തരം സന്ദർഭങ്ങളിൽ തെരഞ്ഞെടുത്ത വസ്തു അവരവരുടെ മനോധർമ്മനുസരിച്ച് ഉപയോഗിക്കാൻ ടീച്ചർ ആവശ്യപ്പെടുന്നു.

ഉദാഃ ഷോൾ ആണ് തിരഞ്ഞെടുത്തതെങ്കിൽ സാരിയായോ, വിശറിയായോ, കയറായോ ഉപയോഗിക്കാം. ഇത്തരത്തിൽ അവരവർ തിരഞ്ഞെടുത്ത വസ്തുക്കൾ വ്യത്യസ്ത രീതിയിൽ ഉപയോഗിച്ച് ടീച്ചർ നൽകിയ സന്ദർഭങ്ങൾക്കനുസരിച്ച് പെരുമാറുന്നു. ഓരോ ഗ്രൂപ്പിനും അവതരണ സമയം നിശ്ചയിക്കുന്നത് നന്നായിരിക്കും.

**അരങ്ങൊരുക്കം**

പാഠപുസ്തകത്തിൽ കൊടുത്തിരിക്കുന്ന ചിത്രങ്ങൾ തിരഞ്ഞെടുത്തതിനനുസരിച്ച് ഓരോ ഗ്രൂപ്പുകാരും കഥാഭാഗങ്ങൾ എഴുതി തയ്യാറാക്കാൻ ആവശ്യപ്പെടാം.

കഥാപാത്രങ്ങളുടെ വേഷവിധാനങ്ങളും, അവർ ഉപയോഗിക്കുന്ന വസ്തുക്കളും രംഗപശ്ചാത്തലവും എല്ലാ ചർച്ചചെയ്ത് എഴുതാൻ ആവശ്യപ്പെടുന്നു.

**സൂചകങ്ങൾ**

| രംഗവസ്തു | സമാനമായി ക്ലാസിൽ നിന്ന് കണ്ടെത്തിയ വസ്തു |
|---|---|
| നെയ്യപ്പം | ഡസ്റ്റർ |
| ചീനച്ചട്ടി | ചോറ്റുപാത്രം |

അവതരണം കഥയുടെ ക്രമത്തിൽ ആവണം. വിലയിരുത്തലിൽ പാഠപുസ്തകത്തിൽ കൊടുത്ത ഓരോ വിഭാഗത്തെയും പറ്റി ചർച്ച ചെയ്യണം.

**കഥാപാത്രങ്ങളും അഭിനയവും**

- നമ്മൾ അഭിനയത്തിനായി തിരഞ്ഞെടുത്തവർക്ക് കഥാപാത്രമായി എത്രമാത്രം സാമ്യം ഉണ്ടായിരുന്നു.
- അഭിനയത്തിൽ ഭാവങ്ങൾ, ശബ്ദനിയന്ത്രണം, ശാരീരികചലനങ്ങൾ എങ്ങനെയെല്ലാം ഉപയോഗപ്പെടുത്തി.

**വേഷവിധാനം, ചമയം**

- കഥാപാത്രത്തിന് അനുയോജ്യമായ വേഷം തന്നെയായിരുന്നോ തിരഞ്ഞെടുത്തത്?
- ചമയത്തിന്റെ ആവശ്യകത എത്രത്തോളം അനുഭവപ്പെട്ടു?.

**രംഗപടം**

- കഥാപശ്ചാത്തലം അനുഭവഭേദ്യമാക്കാൻ നമ്മൾ ഒരുക്കിയ രംഗപടത്തിന് കഴിഞ്ഞോ?
- എന്തെല്ലാംകൂടി കൂടുതൽ ചേർക്കാമായിരുന്നു?.

**രംഗവസ്തുക്കൽ**

- അഭിനേതാക്കൾക്ക് എളുപ്പത്തിൽ ഉപയോഗിക്കാവുന്നതായിരുന്നോ നമ്മൾ കണ്ടെത്തിയ വസ്തുക്കൾ?
- അത് അഭിനയത്തെ എങ്ങനെയെല്ലാം ഗുണപരമായി സ്വാധീനിച്ചു...

**പീരിഡ് - 2**

**കഥയൊരുമ**

ഓരോ ഗ്രൂപ്പും എഴുതി തയ്യാറാക്കിയ കാര്യങ്ങൾ കൂട്ടിച്ചേർത്ത് മെച്ചപ്പെടുത്തിയ കഥാഭാഗങ്ങൾ മുഴുവനായി അവതരിപ്പിക്കുന്നു. ചർച്ചയുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തിയ കഥയിലെ ഓരോ ഭാഗങ്ങളും ആരെല്ലാം ചെയ്യണമെന്ന് തീരുമാനിക്കണം. അവതരണശേഷം പരസ്പരം വിലയിരുത്തണം. മുമ്പ് കൊടുത്ത സൂചകങ്ങൾ ഇതിനായി ഉപയോഗിക്കാവുന്നതാണ്.

**നാടകം ചരിത്രത്തിൽ - പഴയകാല ഗ്രീക്ക് നാടകങ്ങൾ**

ഏകദേശം രണ്ടായിരത്തി അഞ്ഞൂറോളം വർഷത്തെ പഴക്കമുണ്ട് ഗ്രീക്ക് നാടകങ്ങൾക്ക്. അതുകൊണ്ടുതന്നെ നാടകോല്പത്തി, പരിണാമം എന്നിവയെക്കുറിച്ച് പരിമിതമായ അറിവുകളേ ലഭ്യമായുള്ളൂ.

ഗ്രീക്ക് നാടകങ്ങളുടെ ആരംഭം മനസ്സിലാക്കാൻ ഡിത്തിറാംബ്, ഹീറോകൾട്ട്, വെജിറ്റേഷൻ റൈറ്റ്സ് (Diphyramb, herocult, vegetation rits) എന്നീ ശ്രോതസ്സുകളെ അറിഞ്ഞിരിക്കേണ്ടതാണ്.

ആൾത്താരയ്ക്ക് ചുറ്റും വൃത്താകൃതിയിൽ നിന്നുകൊണ്ട് ഗായകസംഘം (Chorus) വൈനിന്റെ ദേവതയായ ഡയോണിസസിനെ പ്രകീർത്തിച്ചുകൊണ്ട് പാടുന്ന പാട്ടാണ് ഡിത്തിറാംബ്. ഗ്രീക്ക് നാടകത്തിന്റെ ഉത്ഭവം ഡിത്തിറാംബിൽ നിന്നാണെന്ന് പറയപ്പെടുന്നു.

ധീര നായകന്മാരുടെ ശ്മശാനത്തിൽ അവരുടെ പ്രവൃത്തികളെ ഓർമ്മിച്ചുകൊണ്ട് നടത്തിയിരുന്ന പാട്ടും പ്രകടനവുമാണ് ഹീറോകൾട്ട്.

സമ്മർ സീസൺ വിന്റർ സീസണുമേൽ നേടുന്ന വിജയത്തെ സൂചിപ്പിക്കുന്ന ഗാനമാണ് വെജിറ്റേഷൻ റൈറ്റ്സ്. ഏഥൻസിലെ ഉത്സവങ്ങളോടനുബന്ധിച്ചാണ് ഇത്തരം നാടകങ്ങൾ അരങ്ങേറിയിരുന്നത്.

**മധ്യകാല ക്രിസ്ത്യൻ നാടകങ്ങൾ**

ക്ലാസിക്കൽ കാലഘട്ടത്തിനും നവോത്ഥാന കാലഘട്ടത്തിനുമിടയിൽ ചിതറിപ്പോയ കലാകാരന്മാർ ചെറുസംഘങ്ങളായി പലതരം കലാപരിപാടികളിൽ ഏർപ്പെട്ടു. അവരാണ് തുടർന്നുവന്ന നാടകവേദിയ്ക്ക് പ്രചോദനമായത്. മൂകാഭിനയക്കാർ ഞാണിന്മേൽ കളിക്കാർ നർത്തകർ, മൃഗപരിശീലകർ, ചെപ്പടി വിദ്യക്കാർ, ഗുസ്തിക്കാർ, സ്തുതിപാഠകർ, കഥപറച്ചിലുകാർ തുടങ്ങിയവരാണ് അവർ. മധ്യകാലത്തിന്റെ അവസാനഘട്ടത്തിൽ അവർ കൊട്ടാരങ്ങളിലും പ്രഭുകുടുംബങ്ങളിലുമൊക്കെ തങ്ങളുടെ വിദ്യകൾ കാട്ടി കയറിക്കൂടുന്നുണ്ട്. അവരുടെ രംഗപാഠങ്ങൾ ആക്ഷേപഹാസ്യങ്ങൾ ആയിരുന്നു. രണ്ടാമതായി ചെറിയൊരു ചലനമുണ്ടാക്കിയത് നാടോടി നാടകങ്ങൾ ആയിരുന്നു. അവയിൽ പലതും അനുഷ്ഠാനപരമായിരുന്നു. ലിറ്റർജിക്കൽ നാടകങ്ങൾ, മിസ്റ്ററി പ്ലേയ്സ്, മൊറാലിറ്റി പ്ലേയ്സ്, സൈക്കിൾ പ്ലേയ്സ് തുടങ്ങിയവയാണ് മധ്യകാല ക്രിസ്ത്യൻ നാടകങ്ങൾ.

**മധ്യകാല ഇസ്ലാമിക നാടകവേദി**

താസിയ : വൈകാരിക നാടകങ്ങളാണിവ. ഇസ്ലാമിക ചരിത്രമാണ് ഇതിന്റെ ഉള്ളടക്കം. ഷിയ ഇസ്ലാമിക നാടകങ്ങളായ താസിയയിൽ ഷഹീദ് അലിയുടെ പുത്രനായ ഹസൻ ഇബ്ൻ അലിയുടെയും ഹുസൈൻ ഇബ്ൻ അലിയുടെയും രക്തസാക്ഷിത്വമാണ് വിഷയം.

അക്രജഃ മേതതര നാടകങ്ങളെപ്പറ്റി അറബ് സാഹിത്യത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷെ പാവനാടകവും താസിയയും തന്നെയായിരുന്നു മധ്യകാല ഇസ്ലാമിക നാടകവേദിയിൽ പ്രധാനം.

**സംസ്കൃത നാടകവേദിയും നാട്യശാസ്ത്രവും**

ബി.സി. 200നും എ.ഡി. 200നും ഇടയിൽ ഭരതമുനിയാണ് നാട്യശാസ്ത്രം എഴുതിയതായി കരുതപ്പെടുന്നത്. അഭിനയം, നൃത്തം, സംഗീതം, നാട്യഗൃഹം, വാസ്തു, ആഹാര്യം, ചമയം, രംഗവസ്തുക്കൾ, നാടക സംഘങ്ങൾ, കാണികൾ, മത്സരങ്ങൾ തുടങ്ങിയവയെപ്പറ്റിയും, നാടകത്തിന്റെ ഉൽഭവത്തെപ്പറ്റിയുള്ള പുരാവൃത്തവും ഇതിൽ അടങ്ങിയിട്ടുണ്ട്.

**വിലയിരുത്തൽ ചോദ്യങ്ങൾ**

1. കുറിപ്പെഴുതുക.
2. രംഗശില്പം
3. രംഗവസ്തുക്കൾ
4. പ്രൊസീനിയം സ്റ്റേജ്

**ചേരുംപടി ചേർക്കുക**

| | | |
|---|---|---|
| അക്രജ | - | ഡിത്തിരാമ്പുകൾ |
| നാട്യശാസ്ത്രം | - | സൈക്കിൾ പ്ലേയ്സ് |
| മധ്യകാലക്രിസ്ത്യൻ-നാടകവേദി | - | ഭരതമുനി |
| ഗ്രീക്ക് നാടകങ്ങൾ | - | മധ്യകാല ഇസ്ലാമിക നാടകവേദി |

## 1.3 നിറങ്ങളുടെ ആകാശം

### ആമുഖം

ചിത്രകലയിൽ നിറങ്ങൾക്ക് വലിയ പ്രാധാന്യമാണുള്ളത്. ഗുഹാകലയുടെ അറിയപ്പെടുന്ന ഉദാഹരണങ്ങളിൽ ആദ്യത്തേതായി കണക്കാക്കപ്പെടുന്നത് 75,000 ഓളം വർഷങ്ങൾക്കു മുൻപ് നിർമ്മിക്കപ്പെട്ട ചുവന്ന ഓക്കർ (Red-Ochre) ഫലകമാണ്. അതിൽ വരകളും, ത്രികോണങ്ങളും, ഡയമണ്ട് ആകൃതികളും അടങ്ങിയ കൊത്തുചിത്രങ്ങളും അടങ്ങിയിരുന്നു.

ചിത്രകലയുടെ കാര്യത്തിൽ കലാസൃഷ്ടിയിൽ ഉപയോഗിക്കുന്ന നിറങ്ങൾ ആശയത്തെപ്പോലെതന്നെ പ്രധാനപ്പെട്ടതാണ് നിറങ്ങളുടെ പ്രത്യേകതകളും നിറങ്ങളുടെ കാഴ്ചയുമായി ബന്ധപ്പെട്ട ശാസ്ത്രീയമായ വിശകലനങ്ങളും കലാചരിത്രത്തിൽ നിറവുമായി ബന്ധപ്പെട്ട് രൂപപ്പെട്ട സിദ്ധാന്തങ്ങളും കലാ പ്രസ്ഥാനങ്ങളുമൊക്കെ പരിചയപ്പെടുത്തുന്ന ഈ പാഠഭാഗം നിറങ്ങൾ ഉപയോഗിച്ച് കുത്തുകളും ബ്രഷ് സ്ട്രോക്കുകളും പ്രയോഗിച്ച് ചിത്രം തയ്യാറാക്കാൻ കുട്ടികൾക്ക് അവസരമൊരുക്കുന്നു.

### യൂണിറ്റ് ഫ്രെയിം

**പഠനലക്ഷ്യങ്ങൾ**

- നിറങ്ങളെക്കുറിച്ചും അതിന്റെ വ്യത്യസ്തതകളെക്കുറിച്ചും മനസ്സിലാക്കുന്നു.
- ദിവസത്തിൽ ഉച്ചസമയത്തും വൈകുന്നേരങ്ങളിലും അന്തരീക്ഷത്തിലുണ്ടാകുന്ന നിറവ്യത്യാസങ്ങൾ അറിയുന്നു.
- വ്യത്യസ്ത നിറങ്ങൾ കൂട്ടിച്ചേർത്ത് പുതിയ നിറങ്ങൾ നിർമ്മിക്കുന്നു.

| ആശയം ധാരണ | പഠന പ്രവർത്തനങ്ങൾ/ പഠന തന്ത്രങ്ങൾ | പഠന സാമഗ്രികൾ | ഉൽപ്പന്നങ്ങൾ |
|---|---|---|---|
| • പകൽസമയത്തും സന്ധ്യാസമയത്തും ആകാശത്തിൽ കാണുന്ന നിറങ്ങളിൽ വ്യത്യാസം സംഭവിക്കുന്നുണ്ട്.<br>• തീക്ഷണത കൂടിയ നിറങ്ങളും തീക്ഷ്ണത കുറഞ്ഞ നിറങ്ങളും ഉണ്ട്.<br>• നിറത്തിലെ വെളിച്ചത്തിന്റെ തോതിനനുസരിച്ച് മാറ്റങ്ങൾ സംഭവിക്കുന്നു.<br>• നിറങ്ങളുമായി ബന്ധപ്പെട്ട സിദ്ധാന്തങ്ങൾ പ്രയോജനപ്പെടുത്തി നിരവധി കലാപ്രസ്ഥാനങ്ങൾ ഉണ്ടായിട്ടുണ്ട്. | • പ്രകാശവും നിറങ്ങളും അതിന്റെ കാഴ്ചയും തമ്മിൽ പരസ്പര ബന്ധമുണ്ട് എന്ന് ഉദാഹരണ സഹിതം വ്യക്തമാക്കുന്നു.<br>• പകൽസമയത്തെ കാഴ്ചകളും രാത്രിയിലെ കാഴ്ചകളും എങ്ങനെയാണ്? ഈ കാഴ്ചകളെ ചിത്രീകരിക്കുവാനുള്ള നിറങ്ങൾ ഏതൊക്കെയാണ്? ചോദ്യം ആരാഞ്ഞ് പ്രതികരണങ്ങൾ ക്രോഡീകരിക്കുന്നു<br>• പകൽസമയത്തെ കാഴ്ചകളും രാത്രിയിലെ കാഴ്ചകളും എങ്ങനെയാണ്? ഈകാഴ്ചകളെ ചിത്രീകരിക്കുവാനുള്ള നിറങ്ങൾ ഏതൊക്കെയാണ്? ചോദ്യം ആരാഞ്ഞ് പ്രതികരണങ്ങൾ ക്രോഡീകരിക്കുന്നു<br>• ഏതൊക്കെ കാഴ്ചകൾ ഉൾപ്പെടുത്തണം എന്ന് കുട്ടികൾ | • ചിത്രപുസ്തകം<br>• പേപ്പർ<br>• നിറങ്ങൾ വാട്ടർകളർ/ പോസ്റ്റർകളർ /ആക്രിലിക്ക്<br>• ബ്രഷ് പാലറ്റ് | • കുട്ടികൾ വരച്ച വിവിധ ചിത്രങ്ങൾ |

| | | | |
|---|---|---|---|
| | നിശ്ചയിക്കുന്നു.<br>• നിറങ്ങൾ ഏതൊക്കെ ഉപയോഗിക്കണമെന്ന് ധാരണയിലെത്തുന്നു.<br>• കുട്ടികൾ ചിത്രം വരയ്ക്കുന്നു<br>• ചിത്രങ്ങളുടെ പ്രദർശനം നടത്തുന്നു<br>• ചർച്ച | | |

**പാഠഭാഗത്തിലൂടെ...**

**പീരീഡ് 1**

സന്ധ്യാസമയത്ത് ആകാശത്തു കാണാവുന്ന നിറങ്ങൾ ഏതൊക്കെയാണെന്ന് ചോദിച്ചു കൊണ്ട് ടീച്ചർ ക്ലാസ് ആരംഭിക്കുന്നു

ഉദാ: നീല ,ചുവപ്പ് , മഞ്ഞ , ഓറഞ്ച്

കണ്ടെത്തിയ നിറങ്ങൾ ഉപയോഗിച്ച് ഇഷ്ടമുള്ള ഒരു ചിത്രം വരയ്ക്കുവാൻ ടീച്ചർ ആവശ്യപ്പെടുന്നു. വരച്ച ചിത്രങ്ങൾ പരസ്പരം വിലയിരുത്താം.

തുടർന്ന് കുട്ടികളെ മൂന്നു ഗ്രൂപ്പുകളായി തിരിക്കാം . ഒന്നാം ഗ്രൂപ്പിന് പുലർച്ച സമയം, രണ്ടാം ഗ്രൂപ്പിന് ഉച്ചസമയം, മൂന്നാം ഗ്രൂപ്പിന് സന്ധ്യാസമയം എന്നിങ്ങനെ ഓരോ പേരുകൾ നൽകാം.

ഒന്നാം ഗ്രൂപ്പിലെ കുട്ടികളോട് പുലർച്ച സമയത്തെ ആസ്പദമാക്കി ഒരു ചിത്രം വരയ്ക്കുവാൻ ആവശ്യപ്പെടുന്നു.

**ചർച്ച സൂചകങ്ങൾ**

- മഞ്ഞ, ഓറഞ്ച്, ചുവപ്പ് നിറങ്ങളിലെ ആകാശം
- ചരിഞ്ഞു വീഴുന്ന സൂര്യപ്രകാശം
- ഉദയസമയം
- വസ്തുക്കളുടെ നിഴൽ ചരിഞ്ഞു വീഴുന്നു.

രണ്ടാം ഗ്രൂപ്പിലെ കുട്ടികൾ ഉച്ചസമയം ആസ്പദമാക്കി ചിത്രം വരയ്ക്കാൻ ആവശ്യപ്പെടുന്നു

**സൂചകങ്ങൾ**

- നീലാകാശം
- നേരെ മുകളിലുള്ള സൂര്യന്റെ സ്ഥാനം
- വസ്തുക്കളുടെ നിഴൽ നേരെ താഴെ വരുന്നു.
- വസ്തുക്കളുടെ ശരിയായ നിറം കാണുവാൻ സാധിക്കുന്നു.

മൂന്നാം ഗ്രൂപ്പിലെ കുട്ടികൾ സന്ധ്യാസമയത്തെ ആസ്പദമാക്കി ചിത്രം വരയ്ക്കാൻ ആവശ്യപ്പെടുന്നു

ഓരോ ഗ്രൂപ്പ് വരയ്ക്കുന്ന ചിത്രങ്ങൾ കുട്ടികൾ പരസ്പരം വിലയിരുത്തുന്നു. അടുത്ത ക്ലാസിൽ ചിത്രങ്ങൾ പൂർത്തീകരിച്ചു കൊണ്ടു വരാൻ ടീച്ചർക്ക് ആവശ്യപ്പെടാം.

**പീരീഡ് 2**

മുൻ ക്ലാസിൽ വരച്ച് പൂർത്തിയാക്കിയ ചിത്രങ്ങൾ ക്ലാസിൽ പ്രദർശിപ്പിച്ചുകൊണ്ട് ടീച്ചർക്ക് ക്ലാസ് ആരംഭിക്കാം. കുട്ടികൾക്ക് പരസ്പര വിലയിരുത്തലിനുള്ള സാധ്യത ടീച്ചർ ക്ലാസിൽ ഉറപ്പാക്കണം.

**വിലയിരുത്തൽ സൂചകങ്ങൾ**

- നിറങ്ങളുടെ തീഷ്ണത
- നിഴലുകൾ വീഴുന്ന രീതി
- സൂര്യന്റെ സ്ഥാനം

വസ്തുക്കളുടെ നിറങ്ങൾ

(മറ്റുള്ളവ ടീച്ചർക്ക് കൂട്ടിച്ചേർക്കാം)

ചിത്രങ്ങൾ നിരീക്ഷിക്കുമ്പോൾ നിറങ്ങളുടെ തീഷ്ണത വ്യത്യാസപ്പെട്ടിരിക്കുന്നു . അത് വെളിച്ചത്തിന്റെ തോതിനെ അടിസ്ഥാനമാക്കിയതാണെന്നും, അതിനെ കളർ വാല്യൂ എന്ന് പറയുകയും ചെയ്യുന്നു. നിറത്തിന്റെ തോത് ഉയരുമ്പോൾ നിറം കൂടുതൽ തെളിമയുള്ളതാകുന്നു . ചിത്ര നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കളർ വാല്യൂ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുന്നു.

ഐസിടി സാധ്യതകൾ ഉപയോഗിച്ച് രണ്ട് ചിത്രങ്ങൾ കുട്ടികൾക്ക് കാണിച്ചുകൊടുക്കുന്നു. ( പാഠഭാഗത്തെ ചിത്രങ്ങൾ)

ചിത്രം 1 - 'ഇംപ്രഷൻ സൺറൈസ് '

ചിത്രം 2 - ' സ്പ്രിംഗ് ടൈം '

ഒന്നാമത്തെ ചിത്രം നിരീക്ഷിക്കുവാൻ കുട്ടികളോട് ആവശ്യപ്പെടാം. ചിത്രത്തിന്റെ വിശദാംശങ്ങൾ പാഠഭാഗത്തെ ആസ്പദമാക്കി ചർച്ച ചെയ്യാം.

**സൂചകങ്ങൾ**

- സൂര്യന്റെ സ്ഥാനം
- സൂര്യന്റെ നിറം
- ജലത്തിലെ പ്രതിഫലനം
- ആകാശത്തിന്റെ നിറം
- പ്രയോഗിച്ചിരിക്കുന്ന രീതി

(മറ്റുള്ളവ ടീച്ചർക്ക് കൂട്ടിച്ചേർക്കാം)

രണ്ടാമത്തെ ചിത്രം നിരീക്ഷിക്കാൻ കുട്ടികളോട് ആവശ്യപ്പെടാം. ചിത്രത്തിൻറെ വിശദാംശങ്ങൾ പാഠഭാഗത്തെ ആസ്പദമാക്കി ചർച്ച ചെയ്യാം.

**സൂചകങ്ങൾ**

- നിറം പ്രയോഗിച്ചിരിക്കുന്ന രീതി
- ജലം വരച്ചിരിക്കുന്ന രീതി
- മരത്തിലെ ഇലകളുടെ പ്രത്യേകത

(മറ്റുള്ളവ കൂട്ടിച്ചേർക്കാം)

സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ചിത്രനിരീക്ഷണം പൂർത്തിയാക്കാം.

**പ്രവർത്തനം**

കുട്ടികളോട് ചുറ്റുപാട് നിരീക്ഷിച്ച് മരങ്ങളും ഭൂപ്രദേശങ്ങളും അടങ്ങുന്ന ദൃശ്യം വരയ്ക്കുവാൻ ആവശ്യപ്പെടാം. വരയ്ക്കുമ്പോൾ പാഠഭാഗത്തുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്താം.

**സൂര്യപ്രകാശവും നിറങ്ങളും, ചരിത്രവും സിദ്ധാന്തങ്ങളും**

നിറവുമായി ബന്ധപ്പെട്ട ആദ്യ സിദ്ധാന്തം രൂപപ്പെടുത്തിയത് അരിസ്റ്റോട്ടിലാണ്. എല്ലാ നിറങ്ങളും വെള്ളയിൽ നിന്നും കറുപ്പിൽ നിന്നും (വെളിച്ചവും ഇരുട്ടും) വന്നുവെന്നും, അവയെ ജലം, വായു, ഭൂമി, തീ എന്നീ നാല് ഘടകങ്ങളുമായി ബന്ധപ്പെടുകയും ചെയ്തു. സർ. ഐസക് ന്യൂട്ടൻ വർണ്ണസിദ്ധാന്തം രൂപപ്പെടുത്തുന്നതുവരെയും 2000 വർഷക്കാലം അരിസ്റ്റോട്ടിലിന്റെ ഈ നിഗമനം വ്യാപകമായി സ്വീകരിക്കപ്പെട്ടു.

1660-കളിൽ ഇംഗ്ലീഷ് ഭൗതികശാസ്ത്രജ്ഞനും ഗണിതശാസ്ത്രജ്ഞനുമായ ഐസക് ന്യൂട്ടൻ സൂര്യപ്രകാശവും പ്രിസവും ഉപയോഗിച്ച് നടത്തിയ പരീക്ഷണത്തിൽ തെളിഞ്ഞ വെളുത്ത സൂര്യപ്രകാശം ഏഴ് ദൃശ്യനിറങ്ങളാൽ നിർമ്മിതമാണെന്ന് തെളിവുകൾ സഹിതം സമർത്ഥിച്ചു. പതിനെട്ടാം നൂറ്റാണ്ടിൽ നിറങ്ങളെക്കുറിച്ചുള്ള പ്രധാനപ്പെട്ട രണ്ട് സിദ്ധാന്തങ്ങൾ ആവിഷ്കരിക്കപ്പെട്ടു.

1. Theory of colours (1810) by the German Poet Johann Wolfgang Van Goethe
2. The law of simultaneous colours contrast (1839) by the French industrial chemist Michael Eugene Chevrenl.

- നിറങ്ങളുടെ സ്വഭാവത്തെക്കുറിച്ചും അവ മനുഷ്യർ എങ്ങനെ കാണുന്നുവെന്നും വിശദീകരിക്കുന്നതാണ് 'തിയറി ഓഫ് കളേഴ്സ്'.
- നിറം നിർണയിക്കുന്നത് പ്രകാശവും വർണ്ണ സ്പെക്ട്രവും മാത്രമാണെന്ന ന്യൂട്ടന്റെ ആശയത്തെ എതിർത്തുകൊണ്ട് നിറം രൂപപ്പെടുത്തുന്നത് പരിപ്രേക്ഷ്യവും വെളിച്ചത്തിന്റെയും ഇരുട്ടിന്റെയും ഘടകങ്ങളുമാണെന്ന് Johann Wolfgang Van Goethe വാദിച്ചു.
- വ്യവസ്ഥാപിതമായി നിറങ്ങളെക്കുറിച്ച് പഠിക്കുകയും വർണ്ണസിദ്ധാന്തം രൂപപ്പെടുത്തുകയും ചെയ്തവരിൽ പ്രധാനിയാണ് ഗോത്തേ. ന്യൂട്ടൺ നിർമ്മിച്ചതിൽ നിന്നും വ്യത്യസ്തമായി ഗോത്തേ കളർവീൽ അവതരിപ്പിച്ചു.

ആധുനിക നിറസിദ്ധാന്തം (colour theory) വർണ്ണശാസ്ത്രം (colour science) എന്ന് അറിയപ്പെടുന്നു

ടിന്റ് (Tint) - വെള്ള നിറം മറ്റു നിറങ്ങളുമായി യോജിപ്പിക്കുന്നു.
ഇത് നിറങ്ങളുടെ ലൈറ്റ്നസ് വർദ്ധിപ്പിക്കുന്നു.
ഷെയ്ഡ് (shade) - നിറങ്ങൾ കറുപ്പുമായി യോജിപ്പിക്കുന്നു.
ഇത് നിറങ്ങളുടെ ഡാർക്നസ് വർദ്ധിപ്പിക്കുന്നു.
ടോൺ (Tone) - നിറങ്ങൾ ഗ്രേയുമായി യോജിപ്പിക്കുന്നു.

വർണ്ണ സംയോജന മാർഗനിർദ്ദേശങ്ങൾക്കും നിറങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ നിർവചിക്കുന്നതിനുമുള്ള അടിസ്ഥാനമായി കളർവീൽ മാതൃകകൾ ഉപയോഗിക്കാറുണ്ട്. കലാകാരന്മാർ, പരസ്പരപൂരകമായ വർണ്ണങ്ങളുടെ സംയോജനം, വിരുദ്ധ നിറങ്ങളുടെ സംയോജനം എന്നിവ കണ്ടെത്തുന്നതിനും

പരീക്ഷിക്കുന്നതിനും കളർ വീൽ ഉപയുക്തമാക്കാറുണ്ട്. വർണ്ണ യോജിപ്പ് (Colour Harmony) സാധ്യമാക്കുന്നതിന് ഇത് സഹായകമാണ്.

**വർണ്ണ തീവ്രത (Colour Saturation)**

നിറത്തിന്റെ തീവ്രതയെ കുറിക്കുന്ന സാങ്കേതിക പദമാണ് സാച്ചുറേഷൻ. സാച്ചുറേഷൻ വർധിക്കുമ്പോൾ നിറങ്ങൾ കൂടുതൽ തെളിച്ചത്തോടെ കാണപ്പെടുന്നു. കുറയുമ്പോൾ നിറങ്ങൾ വിളറിയിരിക്കുന്നതായി കാണപ്പെടുന്നു.

**നിറസിദ്ധാന്തവും കലാപ്രസ്ഥാനങ്ങളും : പരസ്പരബന്ധം**

**ഇറ്റാലിയൻ നവോത്ഥാനം (14th to 17th C, Indian Renaissance):**

അരണ്ട വെളിച്ചത്തെയും നിഴൽ വിന്യാസങ്ങളെയും ആവിഷ്കരിക്കാൻ അനുയോജ്യമായ നിറങ്ങൾ സംയോജിപ്പിച്ച് ഉപയോഗിച്ചു.

**ഇംപ്രഷനിസം (Impressionism 19thC):**

പ്രകാശത്തെയും നിറങ്ങളെയും കുറിച്ചുള്ള ശാസ്ത്രീയ ഉൾക്കാഴ്ചയിൽ നിന്നും നിറങ്ങളുടെ ഊർജ്ജസ്വലമായ (Dynamic) ഘടകങ്ങളെ ചിത്രങ്ങളിൽ ഉപയോഗിച്ചുതുടങ്ങി. വ്യത്യസ്ത പ്രകാശ നിലകളിൽ നിറങ്ങളിൽ വരുന്ന മാറ്റം നിരീക്ഷിച്ച് ചിത്രങ്ങളിൽ സന്നിവേശിപ്പിച്ചു. നിറങ്ങളുടെ ബ്രഷ് സ്ട്രോക്കുകൾ അടുത്തടുത്തായി തേച്ചുപിടിപ്പിച്ചുകൊണ്ട് നിറങ്ങൾ ഓപ്റ്റിക്കലായി സംയോജിപ്പിക്കാൻ അനുവദിക്കുന്ന രീതി അവലംബിച്ചു. നിഴലുകൾ ആവിഷ്കരിക്കാൻ കറുപ്പ്, ഗ്രേ നിറങ്ങൾക്കു പകരം വയലറ്റ്, നീല, പച്ച നിറങ്ങളുടെ മിശ്രണം പ്രയോഗിച്ചു.

**എക്സ്പ്രഷനിസം (20th C, Expressionism 1905-1933):**

ആന്തരിക വികാരങ്ങൾ, കാഴ്ചപ്പാടുകൾ, ആശയങ്ങൾ മുതലായവ നിറങ്ങളുടെ സഹായത്തോടെ ആവിഷ്കരിക്കാനുള്ള ശ്രമമായിരുന്നു എക്സ്പ്രഷനിസത്തിൽ ഉപയോഗിച്ചിരുന്ന നിറങ്ങൾ തീവ്രവും പലപ്പോഴും സാമ്പ്രദായിക രീതികളിൽ നിന്നും വിഭിന്നവും ആയിരുന്നു. നിറങ്ങളുടെ വ്യത്യസ്ത പാളികൾ (Layers) ക്യാൻവാസിൽ തേച്ചുപിടിപ്പിച്ച് വൈകാരിക അവസ്ഥകളെ പ്രകടമാക്കാൻ സാധിക്കുമോ എന്ന് അന്വേഷണം കൂടിയായിരുന്നു എക്സ്പ്രഷനിസം.

**ഫോവിസം (Fauvism, 20th, 1904-1910)**

ഫോവിസ്റ്റുകൾ നിറത്തെ ഒരു ഘടകമായി ഉപയോഗിച്ചു. കാഴ്ചക്കാരുടെ റെറ്റിനയിൽ ചില വൈബ്രേഷനുകൾ സൃഷ്ടിക്കാനോ പിരിമുറുക്കമോ സംവേദനമോ സൃഷ്ടിക്കാനോ നിറങ്ങൾ ഉപയോഗിക്കപ്പെട്ടു.

ഫോവിസത്തിൽ പലപ്പോഴും നിറങ്ങൾ അത്യുക്തി (exaggerated) പരമായും വന്യമായ വർണ്ണ വൈരുദ്ധ്യങ്ങളെ ഉപയോഗിച്ചും പെയിന്റിങ്ങുകൾ രചിച്ചു. പർപ്പിൾ - മഞ്ഞ, മജന്ത – പച്ച, ഓറഞ്ച് – നീല തുടങ്ങിയ കോംപ്ലിമെന്ററി നിറങ്ങളുടെ ജോഡികൾ ചിത്രങ്ങളിൽ ഉപയോഗിക്കാൻ ഫോവിസ്റ്റുകൾ ഇഷ്ടപ്പെട്ടു. കളർവീലിലെ വിപരീത നിറങ്ങളാണിവ.

| നിറം (Colour) | പിഗ്മെന്റ് (Pigment) |
|---|---|
| ഒരു വസ്തുവിൽ പ്രകാശം പതിച്ച് കണ്ണിലേക്ക് പ്രതിഫലിക്കുമ്പോൾ ലഭ്യമാവുന്ന അനുഭവമാണ് നിറം. പ്രകാശത്തിലെ ചില തരംഗ ദൈർഘ്യങ്ങൾ ആഗിരണം ചെയ്യപ്പെടുകയും ചിലത് പ്രതിഫലിക്കുകയും ചെയ്യുന്നതിനാൽ വസ്തുക്കൾക്ക് വ്യത്യസ്ത നിറങ്ങൾ ഉള്ളതായി അനുഭവപ്പെടുന്നു. പ്രകാശത്തിന്റെ അളവിലെ വ്യത്യാസം, പ്രകാശം വസ്തുവിൽ പതിക്കുന്നതിന്റെ തോത് എന്നിവയെ അടിസ്ഥാനമാക്കി നിറത്തിലും വ്യത്യാസം വരും. | കലയിൽ പിഗ്മെന്റ് എന്നത് പദാർത്ഥത്തെ സൂചിപ്പിക്കുന്നു. പൊടി രൂപത്തിലോ, പെയിന്റ്, ഡൈകൾ, മഷി രൂപത്തിലോ ഇവ ലഭ്യമാണ്. പ്രകൃതിസ്രോതസ്സുകളിൽ നിന്നും കണ്ടെത്താവുന്നതും രാസവസ്തുക്കൾ ഉപയോഗിച്ച് കൃത്രിമമായി നിർമ്മിക്കാവുന്നതും ഉണ്ട്. |

**അധിക വിവരങ്ങൾ**

വ്യാവസായിക വിപ്ലവം ഇംപ്രഷനിസ്റ്റ് കലാപ്രസ്ഥാനത്തിന് നൽകിയ ഏറ്റവും വലിയ സംഭാവനയാണ് ട്യൂബ് പെയിന്റുകളുടെ കണ്ടുപിടുത്തം. 1841 ൽ അമേരിക്കൻ ആർട്ടിസ്റ്റായ ജോൺ ഗോഫ് റാൻഡാണ് (John Goffe Rand) ഇത് കണ്ടുപിടിച്ചത്.

ഫോട്ടോഗ്രാഫി കണ്ടുപിടിക്കപ്പെടുന്നത് 1822 ലാണ്. കലയിൽ വലിയ സ്വാധീനം ഇത് ഉണ്ടാക്കി. ചിത്രങ്ങളുടെ ദൃശ്യ സവിശേഷതകൾ, വിഷയം, സൃഷ്ടിപരമായ ദർശനങ്ങൾ എന്നിവയിൽ ശക്തമായ ദിശാബോധം ഉണ്ടാക്കുന്നതിൽ ക്യാമറ സ്വാധീനം ചെലുത്തി.

**വിലയിരുത്തൽ ചോദ്യങ്ങൾ**

- പ്രകാശത്തിന്റെ തോത് വസ്തുക്കളുടെ നിറത്തിൽ വരുത്തുന്ന വ്യത്യാസങ്ങൾ എന്തെല്ലാം?
- പകൽസമയത്തെയും രാത്രിയിലെയും കാഴ്ചകൾ എന്തൊക്കെ?
- ഇതിൽ തിരിച്ചറിയാൻ സാധിക്കുന്ന നിറങ്ങൾ ഏതൊക്കെ?
- തീഷ്ണത കൂടിയ നിറങ്ങൾ ഏതെല്ലാം? തീക്ഷ്ണത കുറഞ്ഞ നിറങ്ങൾ ഏതെല്ലാം?
- കളർ വാല്യൂ എന്നാൽ എന്താണ്?
- കളർവീൽ ശാസ്ത്രീയമായി രൂപപ്പെടുത്തിയത് ആരാണ്?
- പ്രിസത്തിലൂടെ കടന്നുപോയ പ്രകാശം എത്ര നിറങ്ങളായാണ് ചിതറിയത്?
- ഇംപ്രഷനിസം, പോയിന്റലിസം എന്നീ കലാപ്രസ്ഥാനങ്ങളിൽ നിങ്ങൾ തിരിച്ചറിഞ്ഞ പ്രത്യേകതകൾ എന്തെല്ലാം?

**നിരന്തര വിലയിരുത്തൽ പ്രക്രിയ**

- ചിത്രനിരീക്ഷണം
- ചിത്രപുസ്തകം
- ചർച്ചയിലെ പങ്കാളിത്തം
- അഭിപ്രായസ്വരൂപണം
- മുന്നറിവുകളുടെ ക്രോഡീകരണം

- പെയിന്റിംഗ് നിർമ്മാണ പ്രക്രിയ
- ചിത്രപ്രദർശനം
- മികവുകളുടെ കണ്ടെത്തൽ

**തുടർവായന**

- Impressionism – The Movement that transformed Western Art by Veronique Bourset-Aubertot
- Interaction Of Colour – Joset Albers
- Colour and Meaning – Art Science and Symbolism – by John Gage
- ചിത്രവും ചിത്രകാരനും – ഡോ.ഹരികൃഷ്ണൻ, കേരള ലളിതകല അക്കാദമി
- നവീന ചിത്രകല – കേസരി ബാലകൃഷ്ണപിള്ള, കേരള ലളിതകല അക്കാദമി

## 1.4 മധുരമീ നാദം

### ആമുഖം

ക്രമമായ സ്പന്ദനങ്ങളിൽ നിന്നുണ്ടാകുന്ന അനുരണാത്മകമായ ശബ്ദവിശേഷണമാണ് നാദം. നാദമാണ് സംഗീതത്തിന് ആധാരമായിരിക്കുന്നത്. 'ന' എന്ന അക്ഷരത്തിന് പ്രാണവായു എന്നും 'ദം' എന്ന അക്ഷരത്തിന് അഗ്നി എന്നും അർത്ഥമുണ്ട്. പ്രാണവായുവും അഗ്നിയും ചേർന്നാണ് നാദം ഉണ്ടാകുന്നത് എന്ന് പുരാതന ഗ്രന്ഥങ്ങളിൽ പരാമർശമുണ്ട്.

കേൾക്കാൻ സുഖമുള്ള ശബ്ദങ്ങളാണ് നാദം. സംഗീതാത്മകമായ നാദം ആസ്വാദ്യകരമാണ് ഒപ്പം മനസ്സിന് സന്തോഷം നൽകുകയും ചെയ്യുന്നു. നാദം ആഹതമെന്നും അനാഹതമെന്നും രണ്ട് വിധത്തിൽ ഉണ്ട്. നാദത്തിന്റെ വിവിധ വിഭാഗങ്ങളെയും വ്യത്യസ്ത തരത്തിൽ നാദം പുറപ്പെടുവിക്കുന്ന ചില സംഗീത ഉപകരണങ്ങളെയും ഈ പാഠഭാഗത്തിലൂടെ നമുക്ക് മനസ്സിലാക്കാം.

### യൂണിറ്റ് ഫ്രെയിം

**പഠന ലക്ഷ്യങ്ങൾ**

- വിവിധതരം നാദങ്ങൾ എങ്ങനെ ഉണ്ടാകുന്നു എന്ന് മനസ്സിലാക്കാനും അവയെക്കുറിച്ച് പഠിക്കാനും ഉള്ള താല്പര്യം വർദ്ധിക്കുന്നു.
- സംഗീത ഉപകരണങ്ങളുടെ ശബ്ദ പ്രത്യേകതകയും പ്രയോഗ രീതിയും മനസ്സിലാക്കാനുള്ള കഴിവ് നേടുന്നു.

| ആശയം/ ധാരണ | പഠന പ്രവർത്തനങ്ങൾ/ പഠന തന്ത്രങ്ങൾ | പഠന സാമഗ്രികൾ | ഉൽപ്പന്നങ്ങൾ |
|---|---|---|---|
| • കേൾക്കാൻ ഇമ്പമുള്ള ശബ്ദങ്ങളാണ് നാദം.<br>• നാദം സംഗീതാത്മക മാണ് ഒപ്പം ആസ്വാദ്യ കരവുമാണ്.<br>• ആഹതനാദം അനാ ഹതനാദം എന്നിങ്ങനെ രണ്ട് വിധത്തിൽ നാദ ങ്ങളുണ്ട്.<br>• ആഹതനാദത്തിന്റെ വിവിധ വിഭാഗങ്ങളെ തിരിച്ചറിഞ്ഞ് ഓരോ വിഭാഗത്തിലും വരുന്ന സംഗീത ഉപകരണ ങ്ങളെക്കുറിച്ച് മനസ്സി ലാക്കുന്നു. | • നാദത്തിന്റെ വിവിധ പ്രത്യേകതകളെക്കുറിച്ച് ചർച്ച നടത്തുന്നു.<br>• ഐ.സി.ടി. സഹായത്തോടെ ഇമ്പമില്ലാത്ത ശബ്ദങ്ങളും ഇമ്പമുള്ള ശബ്ദങ്ങളും കേൾപ്പിക്കുന്നു. ഇവയെ തിരിച്ച റിയാൻ ആവശ്യപ്പെടുന്നു.<br>• കേൾക്കാൻ ഇമ്പമുള്ളതും ഇല്ലാത്തതുമായ ശബ്ദങ്ങളെ തരം തിരിച്ച് ക്ലാസിൽ ചർച്ച നടത്തുന്നു.<br>• ആഹദനാദത്തിന്റെ ആറ് വിഭാഗങ്ങളെ പരിചയ പ്പെടുത്തുന്നു.<br>• ആഹദനാദത്തിന്റെ വിവിധ വിഭാഗങ്ങളിൽ വരുന്ന സംഗീത ഉപകരണങ്ങളെ ഐസിടി | • ഐസിടി സാധ്യതകൾ,<br>• സംഗീത ഉപകരണങ്ങളു ടെ ചിത്രങ്ങൾ, ചാർട്ടുകൾ,<br>• ആൽബം | • കുട്ടികൾ പാടുന്ന പാട്ടുകളുടെ ഓഡിയോ ഫയൽ |

| | | | |
|---|---|---|---|
| | സഹായത്തോടെ കാണിച്ചു കൊടുക്കുകയും അവയുടെ പ്രയോഗരീതിയും ശബ്ദത്തിന്റെ പ്രത്യേകതയും മനസ്സിലാക്കി കൊടുക്കുകയും ചെയ്യുന്നു.<br>• വിവിധ ഗ്രൂപ്പുകളായി തിരഞ്ഞ് ഇഷ്ടമുള്ള ഗാനം തിരഞ്ഞെടുത്ത് സംഘമായി ആലപിക്കുന്നു. | | |

**പാഠഭാഗത്തിലൂടെ......**

**പീരിഡ് – 1**

**പ്രവർത്തനം - 1**

ആദ്യത്തെ പീരീഡിൽ ടീച്ചർ ക്ലാസ് റൂമിൽ ശബ്ദത്തെയും നാദത്തെയും തിരിച്ചറിയുവാനുള്ള പ്രവർത്തനം നൽകുന്നു. ക്ലാസ് റൂം സംഗീതം അനുഭവവേദ്യമാകണമെങ്കിൽ മുഴുവൻ കുട്ടികളും ശബ്ദത്തിന്റെയും നാദത്തിന്റെയും വ്യത്യസ്തത തിരിച്ചറിയണം. അതിനായുള്ള പ്രവർത്തനമാണ് ക്ലാസ് മുറിയിൽ നടക്കേണ്ടത്. ആദ്യം കുട്ടികളെ ഗ്രൂപ്പുകളായി തിരിക്കാം. പാഠപുസ്തകത്തിൽ കൊടുത്തിരിക്കുന്ന സന്ദർഭത്തിൽ അടിസ്ഥാനപ്പെടുത്തി ചിത്രത്തിലേതുപോലെ ക്ലാസിൽ ഗ്രൂപ്പുകളായി അവതരിപ്പിക്കുന്നു.

വാഹനങ്ങളെല്ലാം നിരനിരയായി കിടക്കുന്നു. വണ്ടികളിൽ നിന്നും ഹോൺ മുഴങ്ങുന്ന രീതിയിൽ കുട്ടികൾ ശബ്ദം ഉണ്ടാക്കുകയും ഒരു കുട്ടി ചെവി പൊത്തി നിൽക്കുകയും ചെയ്യുന്നു. ഗ്രൂപ്പ് അംഗങ്ങളിൽ ഒരാൾ മധ്യ ഭാഗത്ത് നിൽക്കുകയും മറ്റു കുട്ടികൾ ചുറ്റും നിന്ന് 'കീ കീ ' എന്ന് ഒരോരുത്തരും അവരുടെ ശബ്ദത്തിൽ ഹോൺ മുഴക്കുന്നു. ഇത് കേട്ടുകൊണ്ട് ക്ലാസിലെ മറ്റെല്ലാകുട്ടികളും മധ്യഭാഗത്തു നിൽക്കുന്ന കുട്ടിയെ പോലെ ചെവി പൊത്തുന്നു. അടുത്ത ഗ്രൂപ്പിലെ അംഗങ്ങളെല്ലാം ചേർന്ന് ഇഷ്ടമുള്ള ഒരു ഗാനം ആലപിക്കുന്നു. ക്ലാസ്സിലെ എല്ലാ കുട്ടികളും ഗാനം ആസ്വദിക്കുന്നു. ഇതിലൂടെ ശബ്ദത്തെയും നാദത്തെയും അനുഭവവേദ്യമായി തിരിച്ചറിയുന്നു.

ശബ്ദവും നാദവും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് ക്ലാസിൽ ചർച്ച ചെയ്യുന്നു.

ഓരോ ഗ്രൂപ്പുകളും ശബ്ദവും നാദവും വ്യത്യാസപ്പെടുത്തി അവതരിപ്പിക്കുന്നു.

നാദത്തെ കുറിച്ചുള്ള വിശദീകരണം ഉദാഹരണ സഹിതം ടീച്ചർ വ്യക്തമാക്കുന്നു.

**പീരീഡ് 2**

നാദത്തിന്റെ ആറ് വിഭാഗങ്ങളെ പരിചയപ്പെടുന്നു.

ഓരോ വിഭാഗങ്ങളുടെയും പേരുകൾ ഈണത്തിലും താളത്തിലും പാടി ഹൃദ്യസ്ഥമാക്കുന്നു.

*" നാദങ്ങൾ നാദങ്ങൾ*
*നാദങ്ങളെ അറിയാം*
*ശരീരജം നഖജം*
*ധനുർജം വായുജം*
*ചർമജം ലോഹജം*
*നാദങ്ങളെ അറിയാം"*

(വരികൾ ടീച്ചർക്ക് കൂട്ടിച്ചേർക്കാവുന്നതാണ്)

- ഗ്രൂപ്പുകളായി തിരിച്ചു മുകളിൽ കൊടുത്തിരിക്കുന്ന വരികൾ ഈണത്തിൽ താളാത്മകമായി പാടി ക്ലാസിൽ അവതരിപ്പിക്കുന്നു.
- (നാദത്തിന്റെ ആറ് വിഭാഗങ്ങളുടെയും പേരുകൾ ക്ലാസ്സിൽ എല്ലാ കുട്ടികളും പഠിച്ചു എന്ന് ടീച്ചർ ഉറപ്പാക്കുക)
- നാദത്തിന്റെ ഓരോ വിഭാഗങ്ങളിലും ഉൾപ്പെടുന്ന സംഗീതോപകരണങ്ങൾ കണ്ടെത്തി എല്ലാ കുട്ടിക ളെയും കൊണ്ട് നോട്ട്ബുക്കിൽ കുറിപ്പിക്കുക.
- ഇഷ്ടമുള്ള ഒരു സിനിമാഗാനം തിരഞ്ഞെടുത്ത ഗ്രൂപ്പുകളായി ക്ലാസ്സിൽ പാടി അവതരിപ്പിക്കുക.
- (ഗ്രൂപ്പിലെ എല്ലാ അംഗങ്ങളും പാടുന്നുവെന്നും പ്രവർത്തനത്തിൽ പങ്കാളികളാകുന്നുവെന്നും ടീച്ചർ ഉറപ്പുവരുത്തേണ്ടതാണ്)

തുടർ പ്രവർത്തനമായി ജൂൺ 21 ലോക സംഗീത ദിനം ആചരിക്കുന്നതിന് ഭാഗമായി സംഗീത പ്രാധാന്യം വിളിച്ചോതുന്ന ഒരു ഗാനം സംഘമായി പാടി അവതരിപ്പിക്കുന്നതിനായി ആവശ്യപ്പെടാം.

പാട്ടുപെട്ടിയിൽ നൽകിയിരിക്കുന്ന 'പ്രഭാത ഗീതം' ഈണത്തിൽ പാടി അവതരിപ്പിക്കുന്നതിനായി കുട്ടികളെ തയ്യാറാക്കാം.

(അനുയോജ്യമായ ഈണത്തിലും താളത്തിലും പാടി പരിശീലിപ്പിച്ച് സ്കൂൾ അസംബ്ലിയിൽ പ്രഭാത ഗീതം പാടുന്നതിനായുള്ള നിർദ്ദേശം കുട്ടികൾക്ക് നൽകണം)

പ്രശസ്ത ഗായകൻ ഡോ.കെ ജെ യേശുദാസിനെയും പിന്നണിഗായിക എസ്. ജാനകിയെയും കുട്ടികൾക്ക് വിശദമായി പരിചയപ്പെടുത്തുന്നു.

**തുടർ പ്രവർത്തനങ്ങൾ**

പാട്ട് പെട്ടിയിലെ പ്രഭാതഗീതം പോലുള്ള മറ്റു പാട്ടുകൾ കണ്ടെത്തി ശേഖരിക്കൽ

നാദത്തിന്റെ വിവിധ വിഭാഗങ്ങളിൽ വരുന്ന സംഗീത ഉപകരണങ്ങളുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം നിർമ്മിക്കൽ.

**വിലയിരുത്തൽ ചോദ്യങ്ങൾ**

- പ്രകൃതിയിൽ നിന്ന് നിങ്ങൾ കേട്ട നാദങ്ങൾ ഏതെല്ലാം?
- വായുജം എന്ന നാദവിഭാഗത്തിൽ വരുന്ന സംഗീത ഉപകരണങ്ങൾക്ക് ഉദാഹരണം എഴുതുക.
- ആഹതനാദത്തിന്റെ ആറ് വിഭാഗങ്ങളുടെ പേരെഴുതുക.

## 1.5 സിനിമാക്കഥ

### ആമുഖം

ഒരു സിനിമയുടെ നിർമ്മാണം നിരവധി ഘട്ടങ്ങളിലൂടെയാണ് സാധ്യമാകുന്നത്.

ഒരു കഥാതന്തു അല്ലെങ്കിൽ ആശയം എങ്ങനെ രൂപപ്പെടുത്തിയെടുക്കാം, അവ ഒരു കഥയായി എങ്ങനെ രൂപാന്തരപ്പെടുത്താം, കഥയെ സംഭാഷണങ്ങളും മറ്റും ഉൾപ്പെടുത്തി എങ്ങനെ തിരക്കഥയാക്കാം തുടങ്ങിയ ഘട്ടങ്ങൾ വികസിപ്പിക്കുന്നതിന് സഹായിക്കുന്ന പ്രവർത്തനാധിഷ്ഠിതമായ ഒരു യൂണിറ്റാണ് സിനിമാക്കഥ. ആശയങ്ങളിൽ നിന്നും സിനിമയിലേക്കും, കുട്ടികൾ കണ്ട സിനിമയിൽ നിന്നും അതിലെ ആശയങ്ങളെ കണ്ടെത്തുന്നതിലേക്ക് അവരെ പ്രാപ്തരാക്കുന്ന രീതിയിലാണ് ഈ യൂണിറ്റിൽ പ്രവർത്തനങ്ങൾ ചേർത്തിരിക്കുന്നത്. ആശയം, കഥ, തിരക്കഥ ഇവ കുട്ടികളെ പരിചയപ്പെടുത്തുക എന്നതാണ് ഈ യൂണിറ്റിന്റെ ഉള്ളടക്കം.

### യൂണിറ്റ് ഫ്രെയിം

### പഠന ലക്ഷ്യങ്ങൾ

- സിനിമ ആസ്വദിക്കുകയും അതിലെ ആശയത്തെ കണ്ടെത്തുകയും  ചെയ്യുന്നു.
- ഏതൊരു ആശയത്തിൽ നിന്നും കഥ ആവിഷ്ക്കരിക്കാൻ കഴിയുന്നു.

| ആശയം/ ധാരണ | പഠനപ്രവർത്തനങ്ങൾ/ പഠനതന്ത്രങ്ങൾ | സാമഗ്രികൾ | ഉൽപ്പന്നങ്ങൾ |
|---|---|---|---|
| • ദൃശ്യങ്ങളിലൂടെ ആശയവിനിമയം സാധ്യമാണ്.<br>• ആശയത്തിൽ നിന്നും കഥ രൂപീകരിക്കാം.<br>• കഥയിലെ രംഗങ്ങൾ ഭാവനയിൽ കാണാൻ കഴിയുന്നു. | • പാഠഭാഗത്തുള്ള കഥയിലെ ദൃശ്യങ്ങളെ എഴുതുന്നു.<br>• സിനിമ കാണിച്ചുകൊണ്ട് അതിലെ ആശയങ്ങളെ കണ്ടെത്തുന്നു.<br>• പ്രകൃതി സംരക്ഷണത്തിന്റെ അവശ്യകത എന്ന ആശയത്തിൽ നിന്നും കുട്ടികൾ കണ്ടെത്തിയ വിഷയം ചർച്ച ചെയ്ത് കഥ ആവിഷ്ക്കരിക്കുന്നു. | • പേപ്പർ, പേന,<br>• ഐസിടി സംവിധാനം, സ്കൂൾറിസോഴ്സ് ഫോൾഡർ | • കുട്ടികൾ എഴുതിയ കഥകൾ.<br>• കുറിപ്പുകൾ |

#### പാഠഭാഗത്തിലൂടെ

#### പീരീഡ് 1

#### പ്രവർത്തനം 1

പാഠഭാഗത്തിൽ കൊടുത്തിരിക്കുന്ന കഥ അവതരിപ്പിച്ചുകൊണ്ട് ക്ലാസിൽ കുട്ടികളെ ഇതിലേക്ക് കൊണ്ടുവരാം. കഥ അവതരിപ്പിച്ചശേഷം അതിലെ ദൃശ്യങ്ങൾ ഭാവനയിൽ കാണുമ്പോൾ എങ്ങനെയായിരിക്കും ഉണ്ടാവുക എന്ന് ചർച്ച ചെയ്യുന്നു.

**സൂചകങ്ങൾ**

- ഭക്ഷണശാല
- മീൻ മുറിക്കുന്ന പാചകക്കാരൻ
- പ്ലാസ്റ്റിക് മാലിന്യക്കൂമ്പാരം
- പ്ലാസ്റ്റിക് കുപ്പിയിലെ ശീതളപാനീയം

കൂട്ടിച്ചേർക്കലുകൾ നടത്താം

**പ്രവർത്തനം - 2**

റിസോഴ്സ് ഫോൾഡറിലുള്ള 'പ്ലാസ്റ്റിക്' എന്ന സിനിമ ക്ലാസിൽ പ്രദർശിപ്പിക്കുക. പ്രദർശന ത്തിനുശേഷം സിനിമയുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തുന്നു.

**സൂചകങ്ങൾ**

- നിങ്ങൾ കണ്ട സിനിമയിലെ ആശയം എന്താണ്?
  - പ്ലാസ്റ്റിക് മൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ, ദൂഷ്യഫലങ്ങൾ, പ്രകൃതിയിലെ ജീവജാലങ്ങൾക്കുള്ള പ്രശ്നങ്ങൾ etc....
- ആദ്യം വായിച്ച കഥയും അത് സിനിമയാക്കി കണ്ടപ്പോഴുള്ള വ്യത്യാസങ്ങൾ എന്തെല്ലാമാണ്?
  - കഥ വായിച്ചപ്പോഴുള്ളതിനെക്കാൾ അർഥങ്ങൾ സിനിമ കണ്ടപ്പോൾ തോന്നി.

    കൂടുതൽ കൂട്ടിച്ചേർക്കാം.

സിനിമയിൽ പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകത എന്ന ആശയമല്ലാതെ മറ്റെന്തെല്ലാം ആശയങ്ങൾ കണ്ടെത്താൻ കഴിയും?.

ഉദാ :

- പ്രകൃതി സ്നേഹം
- മാലിന്യ സംസ്കരണത്തിന്റെ ആവശ്യകത
- പ്ലാസ്റ്റിക് പുനരുപയോഗ സാധ്യതകൾ

തുടങ്ങിയവ കൂട്ടിച്ചേർക്കാം.

തുടർന്ന് കുട്ടികൾ കണ്ടെത്തിയ ആശയത്തിൽ നിന്നും ഒരെണ്ണം തിരഞ്ഞെടുത്ത് ഒരു കഥ രൂപപ്പെടുത്താൻ ആവശ്യപ്പെടുക. കഥാപാത്രങ്ങളെയും സന്ദർഭങ്ങളെയും ആശയത്തിനനുസരിച്ച് വികസിപ്പിച്ച് മനോഹരമായ കഥയാക്കാം. (ഗ്രൂപ്പുകളായി തിരിഞ്ഞ് മൂന്നോ അതിലധികമോ കഥകൾ രൂപപ്പെടുത്താം).

എഴുതിയ കഥകൾ ക്ലാസിൽ അവതരിപ്പിക്കുക. അവതരണത്തിനുശേഷം ആശയം ചോർന്നുപോകാതെ കഥ അവതരിപ്പിച്ചിട്ടുണ്ടോ എന്നതിനെ അടിസ്ഥാനമാക്കി ചർച്ച ചെയ്യാം. ശേഷം മെച്ചപ്പെടുത്തലുകൾ ആകാം.

**പീരീഡ് 2**

**പ്രവർത്തനം 1**

മുൻക്ലാസിൽ പരിചയപ്പെട്ട കാര്യങ്ങൾ വിശദമാക്കിക്കൊണ്ട് കുട്ടികളെ പാഠഭാഗത്തിലെ അടുത്ത പ്രവർത്തനത്തിലേക്ക് കൊണ്ടുവരാം. നിങ്ങൾ എഴുതിയ കഥയെ എങ്ങനെ ദൃശ്യമാക്കാം എന്ന് ചർച്ച ചെയ്യാൻ ആവശ്യപ്പെടുന്നു.

**സൂചകങ്ങൾ**

- ദൃശ്യവിവരണം
- കഥാപാത്രങ്ങൾ
- കഥാപാത്രങ്ങളുടെ സവിശേഷതകൾ
- സംഭാഷണങ്ങൾ

കൂടുതൽ എഴുതാം.

ഇന്ത്യയിലെ മികച്ച ചലച്ചിത്രകാരന്മാരായ സത്യജിത് റായ്, അപർണ്ണാസെൻ എന്നിവരെ പരിചയപ്പെടുത്താം. അവരുടെ ശ്രദ്ധേയമായ ചലച്ചിത്രങ്ങളെപ്പറ്റി മനസ്സിലാക്കിക്കൊടുക്കാം.

**വിലയിരുത്തൽ**

- നിങ്ങൾ വായിച്ച കഥയുടെ ആശയങ്ങൾ എന്തൊക്കെ?
- നിങ്ങൾ കണ്ട സിനിമയുടെ ആശയമെന്താണ്?
- ഒരു ആശയത്തെ കഥയാക്കി മാറ്റുമ്പോൾ എന്തൊക്കെ ശ്രദ്ധിക്കണം?
- നിങ്ങൾ എഴുതിയ കഥയെ എങ്ങനെ ദൃശ്യവൽക്കരിക്കാം?

# 2. താളത്തിന്റെ പ്രകാശങ്ങൾ

## 2.1 തുള്ളലിന്റെ ചിരിചന്തം

**ആമുഖം**

കേരളത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ മേഖലകളിൽ വിമർശനാത്മകമായ ഇടപെടലുകൾ നടത്തിയ കലാരൂപമാണ് തുള്ളൽ. കുഞ്ചൻ നമ്പ്യാർ പുനരാവിഷ്കരിച്ച തുള്ളൽ പ്രസ്ഥാനത്തിൽ ഓട്ടൻതുള്ളൽ, ശ്രീതങ്കൻ തുള്ളൽ, പറയൻ തുള്ളൽ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളുണ്ട്. മൂന്നുതരം തുള്ളലുകളെക്കുറിച്ചും അവയുടെ സവിശേഷതകളെക്കുറിച്ചുമാണ് ഈ പാഠത്തിൽ ചർച്ച ചെയ്യുന്നത്. കലയിലൂടെ സാമൂഹികമായ ഇടപെടലുകൾ നടത്തേണ്ടുന്നതിന്റെ ഉദാഹരണമാണ് തുള്ളലും അതിന്റെ സാഹിത്യവും.

### യൂണിറ്റ് ഫ്രെയിം

**പഠന ലക്ഷ്യം**

- കലയിലൂടെ സാമൂഹികമായ ഇടപെടലുകൾ സാധ്യമാണെന്ന് കുട്ടികൾ മനസ്സിലാക്കുന്നു.
- ഒരാൾക്ക് തന്റെ ശരീരത്തിന്റെ ചലന വ്യത്യാസങ്ങളും ഭാവപ്രകാശന സാധ്യതകളും ഉപയോഗിച്ചുകൊണ്ട് മാത്രം വ്യത്യസ്ത കഥാപാത്രങ്ങളായി മാറാൻ സാധിക്കുമെന്നഅവബോധം.
- ലോകധർമ്മി, നാട്യധർമ്മി എന്നിങ്ങനെയുള്ള അഭിനയ വിധങ്ങളിൽ നാട്യധർമ്മിയിലൂന്നിയ ലോക ധർമ്മിയാണ് തുള്ളലിന്റെ ജനകീയ സ്വഭാവത്തിന്റെ അടിസ്ഥാനം എന്ന തിരിച്ചറിവ്.
- അഭിനയ സംഗീതത്തിന്റെയും ദൃശ്യകലാസാഹിത്യത്തിന്റെയും സവിശേഷതകൾ മനസ്സിലാക്കുന്നു.

| ആശയം/ ധാരണ | പഠന പ്രവർത്തനങ്ങൾ/ പഠന തന്ത്രങ്ങൾ | പഠന സാമഗ്രികൾ | ഉൽപ്പന്നങ്ങൾ |
|---|---|---|---|
| • സാമൂഹികവും സാമുദായികവുമായ അനീതികൾക്കും അസമത്വങ്ങൾക്കമെതിരെ വിരൽ ചൂണ്ടിയ കലാരൂപമാണ് തുള്ളൽ.<br>• ആക്ഷേപഹാസ്യത്തിലൂന്നിയ അവതരണഘടന തുള്ളലിനെ കൂടുതൽ ജനകീയമാക്കി.<br>• ആനുകാലിക സംഭവങ്ങളെ ഉൾച്ചേർക്കാൻ ഏറെ സാധ്യതകളുള്ള | • തുള്ളൽക്കഥയിലെ വരികൾ താളമിട്ട് പാടി പരിശീലിക്കുന്നതാണ് ആദ്യ പ്രവർത്തനം. തുള്ളൽ വാചികാഭിനയ പ്രധാനമായ ഒരു കലാരൂപമാണ് എന്നത് ഈ പ്രവർത്തനത്തെ കൂടുതൽ പ്രസക്തമാക്കുന്നു.<br>• മൂന്നുവിധം തുള്ളലുകളുടെ ചിത്രങ്ങൾ, വീഡിയോ എന്നിവ നിരീക്ഷിച്ച് വേഷം,മുഖത്തെഴുത്ത്, ശിരോലങ്കാരം എന്നീ ഘടകങ്ങൾ രേഖപ്പെടുത്തുക. അവയുടെ വ്യത്യസ്തത ചർച്ചചെയ്യുകയുമാവാം. | • ഐ.സി.ടി.<br>• ചാർട്ട് | • കുട്ടികൾ പാടിയ തുള്ളൽപ്പാട്ടിന്റെ ഓഡിയോ ഫയൽ |

| | | | |
|---|---|---|---|
| കലാരൂപമാണ് തുള്ളൽ.<br>• പകർന്നാട്ടം എന്ന അഭിനയ സങ്കേതം അനായാസേന വിന്യസിക്കപ്പെട്ടിട്ടുള്ള കലാരൂപമാണ് എന്ന ധാരണ.<br>• ഏകാന്ത നാടകാഭിനയ സമ്പ്രദായത്തിലുള്ള തുള്ളൽ അഭിനയഗാന-നൃത്തവിഭാഗത്തിൽപ്പെടുന്നു എന്ന ധാരണ.<br>• ദൃശ്യകല എന്ന നിലയിലും മലയാളഭാഷയിലെ സാഹിത്യ ശാഖ എന്ന നിലയിലും തുള്ളൽക്കല പ്രസക്തമാണ് എന്ന ധാരണ. | • തുള്ളൽ പാട്ടുകൾ കേട്ട ശേഷം അതേ ഈണത്തിലും താളത്തിലും പാടി നോക്കുക. സാഹിത്യത്തിന്റെ സവിശേഷതകളും തുള്ളൽ പാട്ടുകളുടെ താളവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നവയാണ്.<br>• തുള്ളലിന്റെ വാദ്യങ്ങൾ, തുള്ളൽ പാട്ടിന്റെ മറ്റു സവിശേഷതകൾ എന്നിവയെ സംബന്ധിച്ച് കുറിപ്പ് തയ്യാറാക്കുക.<br>• സാമൂഹ്യപ്രസക്തിയുള്ള തുള്ളൽ അവതരണങ്ങൾ കാണാനുള്ള പ്രചോദനം നൽകുക. അനുഭവം ക്ലാസിൽ ചർച്ച ചെയ്യുക.<br>• മൂന്നുവിധം തുള്ളലുകളും ഐ.സി.ടി.യുടെ സഹായത്തോടെ പ്രദർശിപ്പിക്കുക. | | |

**പാഠഭാഗത്തിലൂടെ.....**

**പീരീഡ് – 1**

കുഞ്ചൻ നമ്പ്യാരുടെ തുള്ളൽ കഥകളിലെ പരിചിതമായ ഈരടികൾ പാടി കൊണ്ടാണ് ക്ലാസ് ആരംഭിക്കുന്നത്. പാഠപുസ്തകത്തിലെ ഈരടികൾ ഈണത്തിൽ കുട്ടികളെ കൊണ്ട് പാടിപ്പിക്കുന്നു.

(തുള്ളൽ പാട്ടുകൾ കേൾപ്പിക്കുവാനായി ഐസിടി സാധ്യത ഉപയോഗപ്പെടുത്താം)

പാഠപുസ്തകത്തിൽ കൊടുത്തിരിക്കുന്ന ചിത്രങ്ങളിലൂടെ മൂന്നുവിധം തുള്ളലുകളെ കുട്ടികൾക്ക് പരിചയപ്പെടുത്തികൊടുക്കുന്നു.

(ഓട്ടൻതുള്ളൽ, പറയൻതുള്ളൽ, ശീതങ്കൻ തുള്ളൽ)

ഓരോ തുള്ളലുകളുടേയും ചിത്രങ്ങളിൽ കുട്ടികൾ കണ്ട സവിശേഷതകളെ കുറിച്ച് ക്ലാസിൽ ചർച്ച ചെയ്യാം.

- ചർച്ച സൂചകങ്ങൾ
- വേഷം
- മുഖത്തെഴുത്ത്
- ശിരോലങ്കാരം

തുടർന്ന് തുള്ളൽ എന്ന കലാരൂപത്തിന്റെ ഉപജ്ഞാതാവായ കുഞ്ചൻ നമ്പ്യാരെ പരിചയപ്പെടുത്തുന്നു.

പീരീഡ് 2

തുള്ളലിൽ ഉപയോഗിക്കുന്ന സംഗീതോപകരണങ്ങളെ പരിചയപ്പെടുത്തിക്കൊണ്ടാണ് രണ്ടാം പീരീഡ് ആരംഭിക്കുന്നത്. പാഠപുസ്തകത്തിൽ കൊടുത്തിരിക്കുന്ന ചിത്രങ്ങളുടെ അടിസ്ഥാനത്തിൽ കുഴിത്താളം, മൃദംഗം , ഇടയ്ക്ക , ശ്രുതിപ്പെട്ടി എന്നീ സംഗീതോപകരണങ്ങളെ പരിചയപ്പെടുത്തുന്നു.

ശേഷം തുള്ളൽ പാട്ടുകൾ ക്ലാസിൽ ഈണത്തിൽ താളം ഇട്ട് പാടുന്ന പ്രവർത്തനത്തിലേക്കാണ് പോകേണ്ടത്. പാഠപുസ്തകത്തിൽ കൊടുത്തിരിക്കുന്ന തുള്ളൽ വരികൾ ആദ്യം കുട്ടികളെ കൊണ്ട് ഉറക്കെ ചൊല്ലിക്കുന്നു. വരികൾ വായിക്കുവാൻ പഠിച്ച ശേഷം , എല്ലാ കുട്ടികളും ചേർന്ന് ഈണത്തിൽ താളത്തോടെ ക്ലാസിൽ തുള്ളൽ പാട്ടുകൾ പാടുന്നു.

ഈ പ്രവർത്തനത്തിൽ ക്ലാസിലെ മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ടീച്ചർ ഉറപ്പു വരുത്തേണ്ടതാണ്. പ്രശസ്ത തുള്ളൽ കലാകാരനായ മലബാർ രാമൻ നായരെ യൂണിറ്റിലൂടെ പരിചയ പ്പെടുത്തുന്നു.

തുടർ പ്രവർത്തനം

സാമൂഹ്യവിഷയങ്ങൾ ആശയമാക്കി അവതരിപ്പിച്ചിട്ടുള്ള തുള്ളൽ അവതരണങ്ങൾ കാണുകയും ചർച്ച ചെയ്യുകയും വേണം. കുട്ടികൾക്ക് തുള്ളൽ പാട്ടുകൾ എഴുതാൻ സാധിക്കുമെങ്കിൽ പ്രോത്സാഹി പ്പിക്കുകയും സഹായിക്കുകയുമാവാം.

വിലയിരുത്തൽ ചോദ്യങ്ങൾ

- തുള്ളൽ എന്ന കലാരൂപം ജനകീയ കലയായി മാറിയത് എങ്ങനെയാണ്?
- സാമൂഹികമായ പ്രശ്നങ്ങളിൽ ഇടപെടാൻ കലയ്ക്ക് സാധിക്കും എന്നതിന് തെളിവാണ് തുള്ളൽ. നിരീക്ഷിക്കൂ.
- പഠന പ്രവർത്തനങ്ങളിലും ക്ലാസിനും പുതിയ അറിവുകളോടുള്ള പ്രതികരണ ങ്ങളിലും കുട്ടികളെ വിലയിരുത്തൽ നടത്താവുന്നതാണ്.

## 2.2 കാലത്തിലൂടെ

**ആമുഖം**

ഓരോ യാത്രയും ഓരോ അനുഭവങ്ങളാണ് എന്നാൽ കാല ദേശ സംസ്കൃതികളെ അടുത്തറിയാൻ നടത്തുന്ന ഭൗതികമായ അനുഭവം മാത്രമല്ല യാത്ര. ജനനം മുതൽ മരണം വരെയുള്ള ജീവിതവും ഒരു യാത്രയാണ്. ഇത്തരം യാത്രകളെ ദേശാന്തരയാത്രയെന്നും ജീവിതയാത്രയെന്നും വിശേഷിപ്പിക്കാം. ദേശാന്തരയാത്രകൾ ഇന്ദ്രിയാനുഭവത്തിനും മാനസികോല്ലാസത്തിനും വഴിയൊരുക്കുന്നു എങ്കിൽ ജീവിതയാത്ര അനുഭവങ്ങളിലൂടെ ആർജിച്ച പ്രായോഗിക പരിജ്ഞാനത്തെ സൂചിപ്പിക്കുന്നു. കാലത്തിലൂടെ എന്ന യൂണിറ്റ് കാലപ്രായഭേദങ്ങൾ ശാരീരിക അഭിനയത്തിലൂടെ അരീന വേദിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി എപ്രകാരം പ്രേക്ഷകനിലേക്ക് എത്തിക്കാം എന്ന ആശയം പങ്കുവയ്ക്കുന്നു.

### യൂണിറ്റ് ഫ്രെയിം

**പഠന ലക്ഷ്യം**

- വിവിധ കഥാപാത്രങ്ങളുടെ അവതരണത്തിലൂടെ പ്രായവ്യത്യാസമനുസരിച്ച് ശരീരഭാഷാപ്രയോഗങ്ങളിലും വേഷങ്ങളിലും ഉണ്ടാകുന്ന മാറ്റങ്ങളെ തിരിച്ചറിയുന്നു.
- അവതരണവേദിയുടെ വ്യത്യസ്ത സാധ്യതകൾ മനസ്സിലാക്കുന്നു.

| ആശയം ധാരണ | പഠന പ്രവർത്തനങ്ങൾ/ പഠന തന്ത്രങ്ങൾ | പഠന സാമഗ്രികൾ | ഉൽപ്പന്നങ്ങൾ |
|---|---|---|---|
| • പല സ്ഥലങ്ങളിലൂടെയും കാലങ്ങളിലൂടെയുമുള്ള യാത്രയാണ് ജീവിതം.<br>• അരീന സ്റ്റേജിന്റെ അരങ്ങ് സാധ്യതകൾ<br>• കഥാപാത്രത്തിന്റെ പ്രായഭേദങ്ങൾക്കനുസരിച്ചുള്ള അഭിനയ രീതി. | • കുട്ടികൾ ഈണം കണ്ടെത്തി പാട്ട് പാടുന്നു. ടീച്ചർ റിസോഴ്സ് ഫോൾഡറിലെ പാട്ട് കേൾപ്പിക്കുന്നു.<br>• അരീന വേദി പരിചപ്പെടുത്തുന്നു. പാട്ടുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തുന്നു.<br>• വയസ്സിനനുസരിച്ച് ചലനങ്ങൾ, ശബ്ദങ്ങൾ എന്നിവ കണ്ടെത്തി അവതരണത്തിന് തയ്യാറെടുക്കുന്നു. വേണ്ട സംവിധാനങ്ങൾ ഒരുക്കുന്നു. ചർച്ചകൾ നടത്തുന്നു. വിലയിരുത്തുന്നു.<br>• വ്യത്യസ്ത പ്രായക്കാരുടെ രൂപഭാവ ചലനസവിശേഷതകൾ പഠിക്കുന്നു.<br>• പുതിയ സന്ദർഭങ്ങളിലെ വ്യത്യസ്ത പ്രായക്കാരുടെ ശരീരഭാഷ ഉപയോഗിച്ചുകൊണ്ടുള്ള അവതരണം നടത്തുകയും വിലയിരുത്തുകയും ചെയ്യുന്നു. | • തുണികൾ, ലാപ്ടോപ്പ്, മൊബൈൽ ഫോൺ, ബ്ലൂട്ടൂത്ത്, സ്പീക്കർ, ബെഞ്ചുകൾ, ഡസ്കുകൾ | • പാട്ട്<br>• കഥാപാത്രങ്ങൾ |

**പാഠഭാഗത്തിലൂടെ....**

**പീരിഡ് - 1**

**പ്രവർത്തനം - 1**

ടീച്ചർ ക്ലാസിലെത്തി കുട്ടികളെ നാലോ അഞ്ചോ ഗ്രൂപ്പുകളായി തിരിക്കുന്നു. ഓരോ ഗ്രൂപ്പിലെയും അംഗങ്ങളോടും ചില പ്രത്യേക വസ്തുക്കളുടെ ആകൃതിയിലേക്ക് മാറാൻ ടീച്ചർ ആവശ്യപ്പടുന്നു. ഉദാ:- മരം, മല, പുഴ. ഏറ്റവും നന്നായി ചെയ്ത ഗ്രൂപ്പുകാരെ അഭിനന്ദിക്കാം.

തുടർന്ന് ഓരോ ഗ്രൂപ്പിനോടും പാഠപുസ്തകത്തിലെ പാട്ട് സ്വന്തമായി ഈണം കണ്ടെത്തി പാടാൻ ആവശ്യപ്പെടുന്നു. ഓരോ ഗ്രൂപ്പും കണ്ടെത്തിയ ഈണത്തിൽ പാട്ട് ക്ലാസ്സിൽ അവതരിപ്പിക്കുന്നു. കുട്ടികളെ അഭിനന്ദിക്കുന്നു. അതിനുശേഷം റിസോഴ്സ് ഫോൾഡറിൽ നിന്ന് ഈ പാട്ട് ഐ.സിടി. സാധ്യത ഉപയോഗിച്ച് കേൾപ്പിക്കുന്നു.

ഈ പാട്ടിന് നാടകവുമായി ഉള്ള ബന്ധത്തെക്കുറിച്ച് ചർച്ച ചെയ്യാൻ ആവശ്യപ്പെടുന്നു. പാഠ പുസ്തകത്തിലെ സൂചനകൾ പ്രകാരം ചർച്ചചെയ്യുന്നു. തുടർന്ന് അരീനവേദി കുട്ടികൾക്ക് പരിചയ പ്പെടുത്തുന്നു.

**പീരിഡ് - 2**

**ആരും പിന്നിലല്ല**

പാഠപുസ്തകത്തിൽ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് യാത്ര നടത്തുന്നു. ഓരോ സംഘത്തി ന്റെയും യാത്രയെക്കുറിച്ച് മറ്റു സംഘങ്ങൾ വിലയിരുത്തുന്നു.

**വിലയിരുത്തൽ സൂചകങ്ങൾ**

- അരീനവേദി എങ്ങനെയാണ് യാത്രയിൽ ഉപയോഗപ്പെടുത്തിയത്?
- യാത്രയുടെ ക്രമം ചിട്ടപ്പെടുത്തിയത് ഏത് അടിസ്ഥാനത്തിലാണ്?
- പ്രായം, ശരീരപ്രകൃതം എന്നിവ ചലനം, ശബ്ദം, വാക്കുകൾ എന്നിവയിലൂടെ എത്രമാത്രം അവതരണത്തിൽ പ്രകടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്?
- യാത്രയിൽ പ്രേക്ഷകരുമായുള്ള ഇടപെടലുകൾ എത്രമാത്രം ഉണ്ടായിരുന്നു?
- മെച്ചപ്പെടുത്താൻ ഇനിയും എന്തെല്ലാം കൂട്ടിച്ചേർക്കാൻ കഴിയും?
- അവതരണത്തിൽ മികച്ചതായി തോന്നിയത് എന്തെല്ലാം?

**അവിടെയും ഇവിടെയും**

തുടർന്ന് ഓരോ ഗ്രൂപ്പിലെയും അംഗങ്ങളിൽ നിന്നും വ്യത്യസ്ത പ്രായക്കാർ ഉൾപ്പെടുന്ന പുതിയ ഗ്രൂപ്പ് രൂപപ്പെടുത്തുന്നു. ഈ ഗ്രൂപ്പിലെ കഥാപാത്രങ്ങൾ ചേർന്ന് പുതിയ സന്ദർഭങ്ങൾ അരീന സ്റ്റേജിൽ സൃഷ്ടിക്കുന്നു.

**സന്ദർഭങ്ങൾ**

- വിമാനത്താവളം
- ബോട്ട്ജെട്ടി
- ബസ് ടെർമിനൽ / ബസ് സ്റ്റാൻഡ്

അരീന സ്റ്റേജിൽ അവതരണം നടത്തി മുൻപ് തന്നിട്ടുള്ള സൂചകങ്ങൾ പ്രകാരം ഓരോ ഗ്രൂപ്പിന്റെയും അരീന സ്റ്റേജിലെ അവതരണങ്ങൾ മറ്റു ഗ്രൂപ്പുകൾ വിലയിരുത്തുന്നു. കുറിപ്പ് തയ്യാറാക്കുന്നു. പുസ്തകത്തിൽ കൊടുത്തിരിക്കുന്ന പ്രമുഖ നാടകപ്രവർത്തകരെക്കുറിച്ച് ചർച്ച ചെയ്യുന്നു.

**വിലയിരുത്തൽ ചോദ്യങ്ങൾ**

**കുറിപ്പ് തയ്യാറാക്കുക**

- അരീന സ്റ്റേജ്
- കേരളത്തിലെ ആദ്യത്തെ കുട്ടികളുടെ നാടകവേദി ഏത്?
  - രംഗപ്രഭാത്
- രംഗപ്രഭാത് എന്ന കുട്ടികളുടെ നാടകവേദി സ്ഥാപിച്ചതാര്?
  - മടവൂർ കെ കൊച്ചു നാരായണപിള്ള

## 2.3 മുഖംമൂടിയുടെ മുഖം

### ആമുഖം

പുരാതനകാലം മുതൽക്ക് തന്നെ മനുഷ്യർ വിവിധതരം ആവശ്യങ്ങൾക്കായി മുഖംമൂടികൾ ഉപയോഗിച്ചിരുന്നതായി കാണാം (Masks), ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ സംസ്കാരങ്ങളിൽ സുരക്ഷയുടെ ഭാഗമായും ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായും രൂപമാറ്റം വരുത്തുന്നതിന്റെ ഭാഗമായും അഭിനയത്തിന്റെ ഭാഗമായും ഒക്കെ മുഖംമൂടികൾ ഉപയോഗിക്കുന്നു.

1530 കളിലാണ് ഇംഗ്ലീഷ് ഭാഷയിൽ 'Mask' എന്ന വാക്ക് ഉപയോഗിക്കപ്പെടുന്നത്. മുഖം മറക്കാനോ സംരക്ഷിക്കാനോ മൂടുന്നു എന്ന അർത്ഥം വരുന്ന ഇറ്റാലിയൻ മാസ്കേറ (Maschera) യിൽ നിന്നാണ് 'മാസ്ക്' ഉരുത്തിരിഞ്ഞത്.

ലോകമെമ്പാടും മുഖംമൂടി ഉപയോഗിച്ചുകൊണ്ടുള്ള കലാപരമായ പ്രകടനങ്ങൾ ആഘോഷത്തിന്റെയും ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും ഭാഗമായി നടന്നുവരുന്നു. പ്രകടനകലയിലും നാടകത്തിലും വിവിധതരം മുഖംമൂടികൾ ഉപയോഗിക്കുന്നുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനവും ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭവും വരെ മുഖംമൂടികൾ അവയുടെ ആചാരപരമായ സന്ദർഭങ്ങളിൽ നിന്നും വിട്ട് ഒരു കലാ വസ്തുവായി വിലമതിക്കപ്പെടുകയോ ഒരു സാംസ്കാരിക പുരാവസ്തുവായി പഠിക്കപ്പെടുകയോ ചെയ്തിരുന്നില്ല.

മുഖംമൂടികളുടെ ചരിത്രവും, വിവിധതരം മുഖംമൂടികളുടെ പ്രത്യേകതകളും മുഖത്തെഴുത്തിന്റെ വിശദീകരണങ്ങളും, മുഖംമൂടി നിർമിക്കുന്ന രീതികളും പരിചയപ്പെടുത്തുന്ന ഈ പാഠഭാഗം കുട്ടികൾക്ക് സ്വയം ലളിതമായ ഘട്ടങ്ങളിലൂടെ മുഖംമൂടികൾ നിർമ്മിക്കാനും അണിഞ്ഞ് അവതരണങ്ങൾ നടത്താനുമുള്ള പഠന പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചാണ് തയ്യാറാക്കിയിരിക്കുന്നത്.

### യൂണിറ്റ് ഫ്രെയിം

**പഠന ലക്ഷ്യങ്ങൾ**

- മാസ്കുകളുടെ ചരിത്രവും സാംസ്കാരിക പശ്ചാത്തലവും ലോകവ്യാപകമായി മനസ്സിലാക്കുന്നു.
- കേരളത്തിലെ വിവിധ കലാരൂപങ്ങളിൽ ഉപയോഗിക്കുന്ന മാസ്കുകളെ പരിചയപ്പെടുന്നു.
- വ്യത്യസ്ത ആവിഷ്കാരങ്ങൾക്കാവശ്യമായ മാസ്കുകൾ സ്വയം നിർമ്മിക്കുന്നു.

| ആശയം/ധാരണ | പഠന പ്രവർത്തനങ്ങൾ/ പഠന തന്ത്രങ്ങൾ | പഠന സാമഗ്രികൾ | ഉൽപ്പന്നങ്ങൾ |
|---|---|---|---|
| • പ്രകൃതിയിൽ വിവിധ രീതികൾ ഉപയോഗിച്ച് രൂപമാറ്റം വരുത്തുന്ന ജീവികൾ ഉണ്ട്.<br>• മനുഷ്യർ മുഖം മൂടികളും മുഖത്തെഴുത്തുകളുംഉടയാടകളും ഉപയോഗിച്ച് രൂപമാറ്റം വരുത്താറുണ്ട്. | • പാഠഭാഗത്ത് നൽകിയിരിക്കുന്ന ഡാൻസിങ് ബേർഡ്, സ്റ്റേക്ക് മിമിക്കിംഗ്, കാറ്റർ പില്ലർ, പഫർഫിഷ്, ഊനാംപേച്ചി തുടങ്ങിയ ജീവികൾ രൂപമാറ്റം വരു ത്തുന്ന ചിത്രങ്ങൾ നിരീക്ഷിക്കുന്നു.<br>• പ്രത്യേകതകൾ കണ്ടെത്തുന്നു. രൂപമാറ്റം വരുത്തുന്നതിന്റെ ഉദ്ദേശങ്ങൾ ചർച്ച ചെയ്യുന്നു. | • പേപ്പർ, കാർഡ് ബോർഡ്, കത്രിക, നിറങ്ങൾ, നൂല്<br>• തയ്യാറാക്കി മുഖംമൂടികൾ ഉപയോഗിച്ച് കഥാപാത്രാവതരണം നടത്തുക. | • കുട്ടികൾ നിർമ്മിച്ച വിവിധതരം മാസ്കുകൾ |


| | | | |
|---|---|---|---|
| • അണിയുന്നവരിലും കാഴ്ചക്കാരിലും കൗതുകവും നിഗൂഢ തയും ജനിപ്പിക്കാൻ മുഖം മൂടികൾ ഉപയോഗിക്കപ്പെടു ന്നു.<br>• അനുഷ്ഠാന കലാരൂ പങ്ങളിൽ വിവിധ മുഖം മൂടികൾ ഉപയോഗിക്കുന്നു.<br>• മുഖംമൂടികൾ നിർമ്മിക്കുന്നതിന് വിവിധ ഘട്ടങ്ങളുണ്ട് ലോകത്തെ വിവിധ തരം മുഖം മൂടികൾ പ്രചാരത്തിലുണ്ട്. | • ഇത്തരത്തിൽ രൂപമാറ്റം വരുത്തുന്ന മറ്റു ജീവികളെ കണ്ടെത്തുന്നു. | | |

**പാഠഭാഗത്തിലേക്ക്...**

**പീരീഡ് 1**

**പ്രവർത്തനം - 1**

കുട്ടികളോട് ഒരു സ്മൈലി വരയ്ക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ടീച്ചർ ക്ലാസ് ആരംഭിക്കുന്നു. വ്യത്യസ്ത ഭാവങ്ങളിലുള്ള സ്മൈലികൾ വരയ്ക്കുവാൻ കുട്ടികളോട് ആവശ്യപ്പെടാം.



വരച്ച ചിത്രങ്ങൾ പരസ്പരം വിലയിരുത്തുവാൻ കുട്ടികൾക്ക് അവസരം നൽകണം.

തുടർന്ന് മാസ്ക് എന്താണെന്ന് കുട്ടികളോട് ചർച്ച ചെയ്യാം (പാഠഭാഗം പരാമർശിക്കാം)

സൂചകങ്ങൾ

- വേഷപ്പകർച്ച
- ആകർഷകത്വം
- ഭാവപ്രകടനം

(മറ്റുള്ളവർ ടീച്ചർക്ക് കൂട്ടിച്ചേർക്കാം)

പ്രകൃതിയിൽ ഇത്തരത്തിൽ വേഷപ്പകർച്ചകൾ നടത്തുന്ന ജീവികളെ കുട്ടികൾക്ക് പരിചയപ്പെടുത്താം. ഡാൻസിങ് ബേർഡ്, സ്നേക്ക് മിമിക് കാറ്റർ പില്ലർ, പഫർ ഫിഷ്, ഈനാംപേച്ചി എന്നിവരുടെ ചിത്രങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു.

ചിത്രങ്ങളിൽ നിന്നും നിരീക്ഷിച്ച കാര്യങ്ങൾ കുറിക്കുക.

- ശരീരം വലിപ്പ വ്യത്യാസം വരുത്തുന്നു.
- രൂപത്തിലുള്ള വ്യത്യാസം വരുത്തുന്നു
- നിറങ്ങളിലുള്ള വ്യത്യാസപ്പെടുത്തലുകൾ നടത്തുന്നു
- വേഷപ്പകർച്ചകൾ

(റിസോഴ്സ് ഫോൾഡറിലെ 2.3 എന്ന വീഡിയോ കാണാം)

ഇത്തരത്തിൽ മനുഷ്യരും വേഷ പകർച്ചകൾ നടത്താറുണ്ട്. അതിനായി മാസ്കുകൾ ഉപയോഗിക്കുന്നു എന്ന് ടീച്ചർ കുട്ടികളോട് ചർച്ച ചെയ്യുന്നു

പാഠഭാഗത്ത് നൽകിയിരിക്കുന്ന 'വ്യത്യസ്ത മുഖംമൂടികൾ' എന്ന ഭാഗത്ത് കാണിച്ചിട്ടുള്ള മുഖംമൂടിയുടെ ഭാവങ്ങൾ കണ്ടെത്തുവാൻ കുട്ടികളുടെ ആവശ്യപ്പെടാം.

**സൂചകങ്ങൾ**

- സന്തോഷം , സങ്കടം , ദേഷ്യം തുടങ്ങിയവ

തുടർന്ന് കുട്ടികളോട് അവരുടെ പരിചയത്തിലുള്ള മാസ്കുകളെ പട്ടികപ്പെടുത്തുവാൻ ആവശ്യപ്പെടാം

- സ്പൈഡർമാൻ
- പുലികളി
- ക്രിസ്തുമസ് അപ്പൂപ്പൻ

(മറ്റുള്ളവ ടീച്ചർക്ക് ചേർക്കാം)

തുടർന്ന് പടയണി , കുമ്മാട്ടി  തുടങ്ങിയ കലാരൂപങ്ങളെ കുറിച്ച് പാഠഭാഗത്തിന്റെയും സ്കൂൾ റിസോഴ്സ് ഫോൾഡറിന്റെയും സഹായത്തോടെ കുട്ടികളെ പരിചയപ്പെടുത്തുന്നു.

**പീരീഡ് - 2**

കുട്ടികളോട് അവരുടെ നാട്ടിലെ കലാരൂപങ്ങൾ  ഏതൊക്കെയാണെന്ന് നോട്ട് ബുക്കിൽ കുറിക്കുവാൻ ആവശ്യപ്പെടുന്നു

ഉദാഹരണമായി പാഠഭാഗത്ത് പരാമർശിക്കുന്ന കാക്കാരിശ്ശി നാടകം, തെയ്യം, തിറ തുടങ്ങിയവ. നിരീക്ഷണത്തിലൂടെ മുഖത്തെഴുത്ത്, വേഷം, തുടങ്ങിയവ വിഭാഗങ്ങൾ മനസ്സിലാക്കി ചർച്ച ചെയ്യാം. മുഖത്തെഴുത്ത് എന്താണെന്ന് പാഠഭാഗത്തെ ആസ്പദമാക്കി കുട്ടികളെ മനസ്സിലാക്കി കൊടുക്കാം.

കുട്ടികൾക്ക് പരിചയമുള്ള മറ്റുപരിചിതമായ മുഖത്തെഴുത് കലാരൂപങ്ങളെപ്പറ്റി നോട്ടുകൾ കുറിക്കാനുള്ള നിർദ്ദേശം നൽകുന്നു.

ഉദാ: പുലികളി , കഥകളി തുടങ്ങിയവ

**പ്രവർത്തനം 1**

'മുഖംമൂടി നിർമ്മിക്കാം' എന്ന പാഠഭാഗത്തിലെ ഉദാഹരണ ചിത്രങ്ങൾ മനസ്സിലാക്കി കുട്ടികളുടെ മുഖത്തിന് അനുയോജ്യമായ രീതിയിൽ വ്യത്യസ്തതകൾ ചേർത്ത് മുഖംമൂടികൾ നിർമ്മിക്കുവാൻ ടീച്ചർ ആവശ്യപ്പെടുന്നു.

പാഠഭാഗത്തിലുള്ള മുഖംമൂടി നിർമ്മിക്കാനുള്ള നിർദ്ദേശങ്ങൾ പരിഗണിക്കാം.

നിർമ്മിച്ച മാസ്കുകൾ പ്രദർശിപ്പിക്കാം, വിലയിരുത്താം.

തുടർന്ന് ചൗമാസ്ക്, തൂത്തർ ഖാമന്റെ മുഖംമൂടി, ലോകത്തിന്റെ  വിവിധ ഭാഗങ്ങളിലെ വ്യത്യസ്തതരം മുഖംമൂടികൾ എന്നിവയും അനുബന്ധ വിവരങ്ങളും പാഠഭാഗത്തെ ആസ്പദമാക്കി കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുന്നു. ലോകരാജ്യങ്ങളിലെ പ്രചാരത്തിലുള്ള മറ്റു മുഖംമൂടികൾ കണ്ടെത്തി എഴുതുവാനുള്ള പ്രവർത്തനം കുട്ടികൾക്ക് നൽകുന്നു.

**മുഖംമൂടികൾ : ലഘുചരിത്രം**

- ജോർദാനിൽ നിന്നും കണ്ടെത്തിയ കല്ലുകൊണ്ടോ, കടൽചിപ്പികൊണ്ടോ നിർമ്മിച്ച മുഖമൂടിയാണ്. ആദ്യകാല മുഖംമൂടിക്ക് ഉദാഹരണമായി ചരിത്രകാരന്മാർ തെളിവുകൾ നൽകുന്നത്. (ഏകദേശം 9000 വർഷം പഴക്കമുള്ളത്). 2018 ലെ പാലസ്തീനിൽ നിന്നും കണ്ടെത്തിയ കല്ലിൽ നിർമ്മിച്ച മുഖംമൂടി നിയോലിത്തിക് കാലത്തെയാണ് (7000 BCE)
- അറിയപ്പെടുന്ന ആദ്യകാല കലാസൃഷ്ടി ഏകദേശം 30,000-40,000 വർഷം പഴക്കമുള്ളതാണ്. നിയാണ്ടർതാൽ റോഷേ -  കൊടാർഡിൽ (Roche-Cotard) നിന്നും (ഫ്രാൻസ്) 35,000 വർഷം പഴക്കമുള്ള മുഖത്തിനോട് സാദൃശ്യമുള്ള രൂപം കണ്ടെത്തിയിരുന്നു.
- ആത്മീയം, പ്രായോഗികം, വിനോദം തുടങ്ങിയ വ്യത്യസ്ത ഉപയോഗത്തിനായി മുഖംമൂടികൾ നിർമ്മിക്കപ്പെടുന്നു.
- നാടകങ്ങളിൽ കോമഡി, ട്രാജഡി തുടങ്ങിയവയെ വ്യതിരിക്തമായി പ്രകടനാത്മകമായി അവതരിപ്പിക്കാൻ മുഖംമൂടികൾ ഉപയോഗിച്ചിരുന്നു.
- പുരാതന ഗ്രീസിലെ തിയേറ്റർ, ജപ്പാനിലെ ക്ലാസിക്കൽ നോഹ് നാടകം (14-ആം നൂറ്റാണ്ടു മുതൽ) ടിബറ്റിലെ പരമ്പരാഗത ലാമോ നാടകം, കൊറിയയിലെ ടാൽചം, ഇൻഡോനേഷ്യയിലെ ടോപെംഗ് നൃത്തം എന്നിവയിലൊക്കെ മുഖംമൂടികൾ ധരിക്കുന്നു.
- ആഫ്രിക്കയിൽ പലതരത്തിലുള്ള മുഖംമൂടികൾ ഉപയോഗിക്കുന്നുണ്ട്. പശ്ചിമ ആഫ്രിക്കയിൽ പൂർവ്വികരുമായി ആശയവിനിമയം നടത്തുന്നതിന് മതപരമായ ചടങ്ങുകളുടെ ഭാഗമായി മുഖംമൂടികൾ ഉപയോഗിക്കുന്നു. യെറൂബ, ഇഗ്ബോ, എഡോ (Yoruba, Igbo, Edo Cultures) സംസ്കാരങ്ങളിൽ വ്യത്യസ്ത മുഖംമൂടികൾ നിലവിലുണ്ട്. ഇവ മൻക്വിറേഡ്സ് (Masquerades) എന്നറിയപ്പെടുന്നു.
- പല ആഫ്രിക്കൻ മുഖംമൂടികളും മൃഗങ്ങളെ പ്രതിനിധീകരിക്കുന്നു.
- ബിസി 1200 ൽ പ്രീ ഹിസ്പാനിക് അമേരിക്കയിൽ മുഖംമൂടികളുടെ വ്യതിരക്തമായ ശൈലികൾ ഉയർന്നുവന്നു. തുണി, ചെമ്പ്, സ്വർണം, കളിമണ്ണ് തുടങ്ങിയവയിൽ നിർമ്മിച്ചവയാണ് അവ.
- പുരാതന ചൈനയിൽ മതപരമായ ചടങ്ങുകളിലാണ് മുഖംമൂടികൾ ഉപയോഗിച്ചിരുന്നത്. യാങ്സി തീരത്തുള്ള റോക്ക് പെയിന്റിംഗുകളിൽ മുഖംമൂടി ധരിച്ച മനുഷ്യരൂപങ്ങൾ കണ്ടെത്തി യിട്ടുണ്ട്.
- ജാപ്പനീസ് മുഖംമൂടികൾ വളരെ പുരാതനവും, ശൈലീപരവും, സങ്കീർണവുമായ തിയേറ്റർ പാരമ്പര്യത്തിൽ  നിന്നും ഉരുത്തിരിഞ്ഞവയാണ്.
- ഏറ്റവും പഴയ മുഖംമൂടികൾ ഗിഗാകുവാണ് (Gigaku). ഇതിൽ നിന്നും ബുഗ്കു (Bugaku) എന്ന ശൈലി വികസിപ്പിക്കപ്പെട്ടു. ചലിക്കുന്ന താടിയുള്ള മുഖംമൂടികൾ ഉപയോഗിച്ചുകൊണ്ടുള്ള നൃത്തനാടകമാണിത്.

### നാടകത്തിലെ മുഖംമൂടികൾ

- പാശ്ചാത്യനാഗരികതയിൽ പുരാതന ഗ്രീസിലെ മതപരമായ ആചാരങ്ങളിൽ നിന്നാണ് നാടകത്തിനുള്ള ഒരു ഉപകരണം എന്ന നിലയിൽ മുഖംമൂടികൾ ആദ്യമായി ഉയർന്നുവന്നത്.
- മധ്യകാലഘട്ടത്തിൽ 12-16 നൂറ്റാണ്ടുകളിലെ നാടകങ്ങളിൽ മുഖംമൂടികൾ ഉപയോഗിച്ചിരുന്നു. ബൈബിൾ ഭാഗങ്ങൾ നാടകമായി അവതരിപ്പിക്കുമ്പോൾ അസ്വാഭാവികതയുള്ള കഥാപാത്രങ്ങളെ അവതരിപ്പിക്കാൻ മുഖമൂടികൾ ഉപയോഗിച്ചു.
- ഇറ്റലിയിൽ പതിനഞ്ചാം നൂറ്റാണ്ടിൽ നടന്ന നവോത്ഥാനം ഒരു നാടക പ്രതിഭാസ ത്തിന്റെ ഉദയത്തിലേക്ക് നയിച്ചു. അത് ഫ്രാൻസിലേക്കും, ജർമ്മനിയിലേക്കും, ഇംഗ്ലണ്ടിലേക്കും അതിവേഗം വ്യാപിച്ചു. പതിനെട്ടാം നൂറ്റാണ്ടുവരെ അതിന്റെ ജനപ്രീതി നിലനിന്നു.
- ഉത്ഭവത്തിലും പ്രമേയത്തിലും ഗ്രീക്ക് നാടകത്തിന് സമാനമായി ജപ്പാനിലെ നോഹ് നാടകം പതിനാലാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ ജീവിതത്തിന്റെ ഒരു പ്രധാന ഭാഗമായി തുടരുന്നു.
- പേപ്പർ മെഷേ (Paper-Mache) ഉപയോഗിച്ച് നിർമ്മിച്ച മുഖംമൂടികൾ ചൈനയിൽ നാടകങ്ങളിൽ ഉപയോഗിച്ചു.
- ചൈനയിലും ജപ്പാനിലും നിലനിൽക്കുന്ന ഡ്രാഗൺ ഡാൻസിൽ വലിയ മുഖമൂടികൾ ഉപയോഗിച്ചുവരുന്നു.

### മുഖംമൂടികൾ ഇന്ത്യയിൽ

- ഇന്ത്യയിൽ വ്യത്യസ്ത പ്രദേശങ്ങളിൽ അനുഷ്ഠാന-ആചാര-വിനോദ ആവശ്യങ്ങൾ ക്കായി മുഖംമൂടികൾ ഉപയോഗിച്ചുവരുന്നു.
- ദക്ഷിണേന്ത്യയിൽ ഭൂതം, മധ്യപ്രദേശിലെ മാസ്ക് ബസ്തർ, ഒറീസയിലെ ഹനുമാൻ മാസ്കുകൾ, ഹിമാചൽപ്രദേശിലെ പേപ്പർ മെഷേ, കടുവ മുഖംമൂടികൾ, നേപ്പാളിലെ തടി മാസ്കുകൾ എന്നിങ്ങനെ വ്യത്യസ്ത മുഖമൂടികളുണ്ട്.
- കഥകളിയിലെയും തെയ്യത്തിലെയും കിരീടങ്ങൾ, കുമ്മാട്ടി, പടയണി എന്നിവയിലെ മുഖംമൂടികൾ എന്നിവ കേരളത്തിലെ മുഖമൂടികൾക്ക് ഉദാഹരണമാണ്.
- പശ്ചിമബംഗാളിലെ തടിയിൽ നിർമ്മിച്ച മാസ്കുകൾ സാമൂഹികവും സാംസ്കാരികവുമായ കലാപരിപാടികളിലെ ഒരു പ്രധാന ഘടകമാണ്.
- കരകൗശലവിദഗ്ധരാണ് 'ചൗ' നർത്തകർക്കായി തടികൊണ്ടുള്ള മുഖംമൂടികൾ നിർമ്മിക്കുന്നത്.
- മുളയിലും, കളിമണ്ണിലും നിർമ്മിക്കുന്ന ബാവോന (Bhaona) മുഖംമൂടികൾ ആസാമിൽ പ്രചാരത്തിലുള്ളതാണ്.
- പട്ടചിത്ര ശൈലിയിൽ നിർമ്മിക്കുന്ന മുഖ (Mukha) മാസ്കുകൾ ഒറീസയിലെ ഫോക് തിയേറ്ററിൽ ഉപയോഗിക്കുന്നു.

### മുഖംമൂടി നിർമ്മിക്കാം

വിവിധതരം മുഖംമൂടികൾ പരിചയപ്പെടുക. മുഖംമൂടി എങ്ങനെ ആവണം എന്നത് വിശദമാക്കുന്ന വിധത്തിൽ രൂപരേഖ വരയ്ക്കുക. എന്തൊക്കെ വസ്തുക്കൾ ഉപയോഗിച്ച് മുഖംമൂടി നിർമ്മിക്കാം എന്ന ധാരണ ഉണ്ടാക്കുക. വസ്തുക്കൾ ശേഖരിക്കുക (ഉദാ : പേപ്പർ കാർഡ് ബോർഡ് etc). ശേഖരിച്ച വസ്തുക്കൾ ഉപയോഗിച്ച് മുഖംമൂടി നിർമ്മിക്കുക. മുഖംമൂടിയുടെ ആകൃതിയിൽ പേപ്പർ കാർഡ് ബോർഡ് മുറിച്ചെടുത്ത് അതിനുമുകളിൽ പേപ്പറുകൾ ഒട്ടിച്ചോ വരച്ചോ വിശദാംശങ്ങൾ ചേർത്ത് മുഖംമൂടി തയ്യാറാക്കാം.

പേപ്പർ ബാഗുകൾ ഉപയോഗിച്ച് മുഖംമൂടികൾ നിർമ്മിക്കാം

**സൂചകങ്ങൾ**

- മുഖം മൂടിക്കനുയോജ്യമായ കഥാപാത്രങ്ങളെ തിരഞ്ഞെടുക്കാം.
- കഥാപാത്രങ്ങളെ ഉൾക്കൊള്ളിച്ച് കഥ നിർമ്മിക്കുകയോ കഥാപാത്രങ്ങളെ അവതരിപ്പിക്കാൻ അനുയോജ്യമായ കഥകൾ കണ്ടെത്തുകയോ ചെയ്യാം.
- കഥാപാത്രങ്ങൾക്കനുയോജ്യമായ സംഭാഷണങ്ങൾ എഴുതി തയ്യാറാക്കാം.
- കഥാപാത്രാവതരണം, ഗ്രൂപ്പ് പ്രവർത്തനമായി നടത്താം. അവതരണങ്ങൾ ആസ്വദിക്കുകയും പ്രത്യേകതകൾ ഉൾക്കൊണ്ട് കുറിപ്പ് തയ്യാറാക്കുകയും ചെയ്യുക.

**കുറിപ്പ് തയ്യാറാക്കൽ : സൂചകങ്ങൾ**

- കഥാപാത്രത്തിന്റെ പ്രത്യേകതകൾ
- മുഖംമൂടിയുടെ പൂർണ്ണത
- മുഖംമൂടിയും കഥാപാത്രവുമായുള്ള യോജിപ്പ്
- അവതരണത്തിന്റെ പൂർണ്ണത
- ഗ്രൂപ്പ് അംഗങ്ങളുമായുള്ള സഹകരണം
- കഥാപാത്രാവതരണത്തിലൂടെ കഥ സംവേദനം ചെയ്ത് എങ്ങനെ

**ശേഷി നൈപുണി**

- മുഖംമൂടി നിർമ്മിക്കുന്നു
- മുഖംമൂടിയിൽ വിശദാംശങ്ങൾ വരച്ചുചേർക്കുന്നു
- വ്യത്യസ്തമായ മുഖംമൂടികളെ തിരിച്ചറിയാൻ സാധിക്കുന്നു.
- ലോകത്തെ വിവിധ മുഖംമൂടികളെ കണ്ടെത്താൻ സാധിക്കുന്നു.

**അധിക വിവരങ്ങൾ**

- മുഖം മൂടിക്കുള്ള പുരാതന ലാറ്റിൻ പദമായ 'Persona' എന്നത് 'false face' എന്നാണ് സൂചിപ്പിക്കുന്നത്. വ്യക്തിത്വം മറ്റുള്ളവരിൽ നിന്നും മറച്ചുപിടിക്കാനോ, ഇതര വ്യക്തിത്വം മറ്റുള്ളവരെ കാണിക്കാനോ ആയി ഉപയോഗിക്കുന്നു എന്നാണ് വിവക്ഷ.
- ആദിമ മനുഷ്യർ ഭയത്തെ മറികടക്കാൻ മറ്റുമുള്ള രൂപങ്ങളെ ചിത്രങ്ങളിലൂടെയും ചിഹ്നങ്ങളിലൂടെയും പകർത്തിയപ്പോൾ പ്രകൃതിയിലെ ചലനാമകതയെക്കുറിച്ചുള്ള ഭയം, മുഖംമൂടികൾ സൃഷ്ടിക്കാൻ അവരെ പ്രേരിപ്പിച്ചു. അവർ ജീവിക്കുന്ന ലോകവും അതീന്ദ്രിയമായ മറ്റൊരു ലോകവും തമ്മിലുള്ള ബന്ധം സൃഷ്ടിക്കാൻ മുഖംമൂടികൾ ഉപയോഗിച്ചു.

**വിലയിരുത്തൽ ചോദ്യങ്ങൾ**

- ചിത്രം നിരീക്ഷണത്തിലൂടെ കണ്ടെത്തിയ പ്രത്യേകതകൾ എന്തെല്ലാം?
- ഏതൊക്കെ സാഹചര്യങ്ങളിലാണ് മുഖംമൂടികൾ ഉപയോഗിക്കുന്നത്?
- പടയണി, കുമ്മാട്ടി എന്നീ കലാരൂപങ്ങളിലെ മുഖംമൂടികളുടെ പ്രത്യേകതകൾ എന്തെല്ലാം?
- മുഖത്തെഴുത്ത് എന്താണ്?

- മുഖംമൂടി നിർമ്മാണഘട്ടങ്ങൾ ഏതെല്ലാം?

**നിരന്തരവിലയിരുത്തൽ പ്രക്രിയ**

- ചിത്രംനിരീക്ഷണം
- ചിത്രപുസ്തകം
- ക്ലാസ്മുറി പ്രവർത്തനങ്ങളിലെ പങ്കാളിത്തം
- ചർച്ചകളിലെ പങ്കാളിത്തം

**അധിക വായന**

- Theatre Masks outside in - Perspective for Mask History, Design, Construction and performance - Routledge
- World of other Indian Masks - Government of Indian Publication Division
- പടേനി - കടമ്മനിട്ട വാസുദേവൻ - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

## 2.4 നാട്ടുപാട്ട്

കേരളത്തിലെ ഓരോ പ്രദേശത്തും നിലനിന്നിരുന്ന നാട്ടുഭാഷയിൽ നിന്നുണ്ടായിട്ടുള്ളതാണ് നാടൻ പാട്ടുകൾ. ഇവ ഓരോ പ്രദേശത്തും നില നിന്നിരുന്ന സാമൂഹ്യവ്യവസ്ഥയെയും, ആചാരത്തെയും, സംസ്കാരത്തെയും പ്രതിനിധാനം ചെയ്യുന്നു. നാടൻ പാട്ടുകൾ പലകാലങ്ങളിലായ പരിണാമം സംഭവിച്ച് വന്നവയാണ്. ഓരോ പ്രദേശത്തും പ്രചാരത്തിലുള്ള നാടൻ പാട്ടുകൾ വായ്മൊഴിയായി പകർന്ന് കിട്ടിയവയാണ്. പാട്ടിലുപയോഗിക്കുന്ന പ്രധാന സംഗീത ഉപകരണത്തെ മുൻനിർത്തി ചില നാടൻ കലാരൂപങ്ങൾക്ക് പേര് ലഭിക്കാറുണ്ട്. ഇതിന് ഉദാഹരണമാണ് പുള്ളുവൻപാട്ട്, വില്ലടിച്ചാൻ പാട്ട് തുടങ്ങിയവ. വിവിധ വിഭാഗത്തിലുള്ള നാടൻ പാട്ടുകളെയാണ് ഈ പാഠഭാഗത്തിലൂടെ നാം മനസ്സി ലാക്കുന്നത്.

### യൂണിറ്റ് ഫ്രെയിം

പഠന ലക്ഷ്യങ്ങൾ

- വിവിധ വിഭാഗത്തിലുള്ള നാടൻപാട്ടുകളെകുറിച്ച് അറിയാനുള്ള താൽപ്പര്യം വർധിക്കുന്നു.
- നാടൻപാട്ടുകൾ മനസ്സിലാക്കുന്നതിലൂടെ നാടിനെ അറിയുന്നു.
- നാടൻ പാട്ടുകൾ സംഘമായി ആലപിക്കാനുള്ള താൽപ്പര്യം ഉണ്ടാകുന്നു.

| ആശയം/ധാരണ | പഠനപ്രവർത്തനങ്ങൾ/ പഠന തന്ത്രങ്ങൾ | പഠന സാമഗ്രികൾ | ഉൽപ്പന്നങ്ങൾ |
|---|---|---|---|
| • നാടൻ പാട്ടുകൾ വിവിധ വിഭാഗങ്ങളിൽ ഉണ്ട്.<br>• ഓരോ പ്രദേശത്തും നിലവിലുള്ള നാട്ടുഭാഷയിലാണ് നാടൻ പാട്ടുകൾ രൂപപ്പെട്ടിട്ടുള്ളത്.<br>• നാടൻ പാട്ടുകൾ ഓരോ പ്രദേശ ത്തെയും സാമൂഹ്യ വ്യവസ്ഥയെയും, ആചാരത്തെയും സംസ്കാരത്തെയും പ്രതിനിധാനം ചെയ്യുന്നു. | • നാടൻ പാട്ടുകളെകുറിച്ച് ചർച്ച<br>• വിവിധ വിഭാഗത്തിലുള്ള നാടൻ പാട്ടുകളെ പരിചയപ്പെടുന്നു.<br>• കലാനുസൃതമായ നാടൻ പാട്ട് വിഭാഗത്തിൽ വരുന്ന ഓണപ്പാട്ടുകൾ സംഘമായി ആലപിക്കുന്നു. | • സ്പീക്കർ<br>• ചാർട്ട് | • നാടൻപാട്ടുകൾ പാടിയ ഓഡിയോ/വീഡി യോ ഫയൽ<br>• നാടൻപാട്ടുകളുടെ ശേഖരണങ്ങൾ അടങ്ങിയ ചാർട്ട്. |

**പാഠഭാഗത്തിലൂടെ...**

**പീരിയഡ് 1**

**പ്രവർത്തനം - 1**

നാടൻ പാട്ടുകളെ കുറിച്ച് ഒരു ആമുഖ ചർച്ച നടത്തുന്നു.

**സൂചകങ്ങൾ**

- നാടൻ പാട്ടിന്റെ ഉത്ഭവം
- പ്രത്യേകതകൾ
- വിവിധ വിഭാഗങ്ങൾ
- നാടൻ പാട്ടിൽ ഉപയോഗിക്കുന്ന സംഗീതോപകരണങ്ങൾ
- കുട്ടികൾ അവർക്ക് അറിവുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നു. വേണ്ട കൂട്ടിച്ചേർക്കലുകൾ നടത്തുന്നു.
- കുട്ടികളെ വിവിധ ഗ്രൂപ്പുകളാക്കി അവർക്ക് അറിയാവുന്ന നാടൻ പാട്ടുകളുടെ അവതരണം നടത്തുന്നു. ഓരോ ഗ്രൂപ്പിന്റെയും ആലാപനത്തിന്റെ പ്രത്യേകതകൾ മറ്റ് ഗൂപ്പുകൾ വില യിരുത്തുന്നു.

തുടർന്ന് വിവിധ വിഭാഗത്തിലുള്ള നാടൻ പാട്ടുകളെ പരിചയപ്പെടുത്തുന്നു.

കലാനുസൃതമായവ, ദേശാടിസ്ഥാനത്തിലുള്ളവ, വാദ്യോപകരണങ്ങളുടെ അടിസ്ഥാനത്തിലുള്ളവ, തൊഴിൽ കൂട്ടങ്ങളുമായി ബന്ധപ്പെട്ടവ. ഓരോ വിഭാഗത്തിലെയും കൂടുതൽ പാട്ടുകൾ കണ്ടെത്തി കൂട്ടി ച്ചേർക്കണം.

| | | |
|---|---|---|
| കാലാനുസൃതം | – | കരോൾ ഗാനങ്ങൾ, ശാസ്താം പാട്ട്, കുത്തിയോട്ടപ്പാട്ട് |
| വാദ്യോപകരണങ്ങളുടെ | – | പുള്ളുവൻപാട്ട്, ഉടുക്ക്പാട്ട്, ചിന്ത്പാട്ട് |
| തൊഴിൽ | – | കൊയ്ത്തുപാട്ട്, ഞാറ്റുപാട്ട്, നടീൽപാട്ട് |

നാടൻ പാട്ട് വിഭാഗത്തിലെ പ്രാദേശികമായ മറ്റ് പാട്ടുകളും കണ്ടെത്തി കൂട്ടിച്ചേർക്കുക.

ഐ.സി.ടി. സഹായത്തോടെ മുകളിൽ പറഞ്ഞ പാട്ടുകൾ കുട്ടികൾക്ക് കാണാനും കേൾക്കാനും ഉള്ള അവസരം ഒരുക്കുക.

**പീരിയഡ് 2**

- ദേശാടിസ്ഥാനത്തിലുള്ള വടക്കൻപാട്ട്, തെക്കൻപാട്ട് ഇവയെക്കുറിച്ച് ചെറുവിവരണം.
- സ്കൂൾ റിസോഴ്സിലെ ഗാനങ്ങൾ ഐ.സി.ടി. സഹായത്തോട കേൾപ്പിക്കുക.
- ഗോത്രസംഗീതവുമായി ബന്ധപ്പെട്ട ഗാനങ്ങൾ വിവരിക്കുന്നു.

തുടർന്ന് കാലാനുസൃതമായ നാടൻപാട്ടിൽ വരുന്ന ഓണപ്പാട്ടുകളെക്കുറിച്ച് ചർച്ച വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് പരിചിതമായ ഓണപ്പാട്ടുകൾ പാടി അവതരിപ്പിക്കുന്നു. ഓരോ ഗ്രൂപ്പും മറ്റ് ഗ്രൂപ്പിന്റെ പാട്ടുകൾ വിലയിരുത്തുന്നു. വേണ്ട കൂട്ടിചേർക്കലുകൾ നടത്തുന്നു.

കേരളത്തിലും തമിഴ്നാട്ടിലും പ്രചാരത്തിലുണ്ടായിരുന്ന സംഗീത ഉപകരണമായ യാഴ് കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. (ഐ.സി.ടി)

പാട്ടുപെട്ടിയിലെ നാടൻപാട്ട് ക്ലാസ്സിൽ വിവിധ ഗ്രൂപ്പുകളായി പാടി അവതരിപ്പിക്കുക.

മറിയാമ്മ ജോൺ, കണ്ണൻ മുത്തൻ തുടങ്ങിയ നാടൻ പാട്ടുകലാകാരന്മാരെ പരിചയപ്പെടുത്തുക കൂടുതൽ വിവരങ്ങൾ കണ്ടെത്തി കൂട്ടിച്ചേർക്കുക ഒപ്പം മറ്റ് നാടൻപാട്ട് കലാകാരന്മാരെയും പരിചയപ്പെടുത്തുക.

**അധിക വിവരങ്ങൾ**

**ഓണപ്പാട്ട്**

ഓണത്തിനോട് അനുബന്ധിച്ച് പാടുന്ന പാട്ടുകളാണ് ഓണപ്പാട്ടുകൾ. പൂപ്പാട്ടുകളും കളിപ്പാട്ടുകളും മലയാളത്തിന് സമ്മാനിച്ചതാണ് ഓണം.

**തിരുവാതിരപ്പാട്ട്**

കേരളത്തിലെ വനിതകളുടെ തനതായ സംഘനൃതിതമാണ് തിരുവാതിരക്കളി. ഓണത്തിനും ധനു മാസത്തിലെ തിരുവാതിരനാളിലും ആണ് പൊതുവേ തിരുവാതിരകളി. (മറ്റു കാലാനുസൃതമായ നാടൻ പാട്ടുകൾ ടീച്ചർക്ക് കൂട്ടിച്ചേർക്കാം)

**കരോൾ ഗാനങ്ങൾ**

ക്രിസ്തുമസ് ദിനത്തിലോ ക്രിസ്തുമസ് കാലത്തിലൂടെ ആണ് കരോൾ ഗാനങ്ങൾ പാടുന്നത്.

**ശാസ്താം പാട്ട്**

ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് മണ്ഡലകാലത്ത് കെട്ടുനിറയോടൊപ്പം കേരളത്തിൽ അയ്യപ്പ ഭക്തന്മാർ നടത്തുന്ന ഒരു അനുഷ്ഠാനകലയാണ് ശാസ്താംപാട്ട്.

ദേശാടിസ്ഥാനത്തിലുള്ള നാടൻ പാട്ടുകൾ ആയ വടക്കൻ പാട്ട്, തെക്കൻ പാട്ട് എന്നിവ പാഠപുസ്തകത്തിൽ നൽകിയിരിക്കുന്നത് വിശദാംശങ്ങളോടുകൂടി ക്ലാസിൽ പരിചയപ്പെടുത്തുന്നു.

വാദ്യോപകരണങ്ങളുടെ അടിസ്ഥാനത്തിലുള്ള നാടൻ പാട്ടുകൾ

**വില്ലടിച്ചാൻ പാട്ട്**

തെക്കൻ തിരുവിതാംകൂറിൽ രൂപംകൊണ്ട ഒരു കഥാകഥന സമ്പ്രദായമാണ് വില്ലു പാട്ട്. തെക്കൻ പാട്ടുകൾ എന്നറിയപ്പെട്ടിരുന്ന കഥാ ഗാനങ്ങളാണ് വില്ലടിച്ചാൻ പാട്ടിന് ഉപയോഗിച്ചിരുന്നത്.

**നന്തുണിപ്പാട്ട്**

കാളി ക്ഷേത്രങ്ങളിൽ കളം പാട്ടിനു ഉപയോഗിച്ചുവരുന്ന ഒരു നാടോടി സംഗീത ഉപകരണമാണ് നന്തുണി. കൊട്ടാനും മീട്ടാനും ഉപയോഗിക്കുവാനായി നിർമ്മിച്ചിട്ടുള്ള ഒരു താള ശ്രുതി വാദ്യമാണ് നന്തുണി. നന്തുണി ഉപയോഗിച്ച് പാടുന്ന പാട്ടുകളാണ് നന്തുണി പാട്ടുകൾ എന്നറിയപ്പെടുന്നത്.

## 2.5 സിനിമ

**ആമുഖം**

കഥ, തിരക്കഥ, സ്റ്റോറിബോർഡ്, ചിത്രീകരണം, എഡിറ്റിംഗ്, സൗണ്ട് മിക്സിംഗ് തുടങ്ങിയവ സിനിമാനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളാണ്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് സ്റ്റോറിബോർഡ് നിർമ്മാണം. സിനിമാചിത്രീകരണം ആയാസകരമാക്കാൻ സ്റ്റോറിബോർഡ് സഹായിക്കുന്നു.

സ്റ്റോറിബോർഡ് എന്ന ഘട്ടത്തെക്കുറിച്ചാണ് ഈ യൂണിറ്റിൽ പരാമർശിക്കുന്നത്. സ്റ്റോറിബോർഡ് എന്താണ്? ഇത് എങ്ങനെ നിർമ്മിയ്ക്കാം? ഇതിന്റെ ആവശ്യകത എന്താണ് തുടങ്ങിയ കാര്യങ്ങളാണ് പ്രധാനമായും ഈ യൂണിറ്റിലുള്ളത്. സിനിമയിൽ കാണുന്ന ഒരു ഷോട്ടിലെ ഒരു ഫ്രെയിമിനെയാണ് സ്റ്റോറിബോർഡിലെ ഒരു ചിത്രമായി വരയ്ക്കുന്നത്. ഷോട്ടുകളെ അടിസ്ഥാനമാക്കിയാണ് ഇത് വരയ്ക്കുക.

ഫ്രെയിമുകൾ എന്നത് നിശ്ചലദൃശ്യങ്ങൾ ആണെന്നും, ഫ്രെയിം റേറ്റ് നമ്മുടെ കാഴ്ചയെ സ്വാധീനിക്കുന്നു എന്നുമുള്ള സാങ്കേതികതകളും സ്റ്റോറിബോർഡിനൊപ്പം ഈ അധ്യായത്തിൽ പരിചയപ്പെടുന്നു.

### യൂണിറ്റ് ഫ്രെയിം

**പഠനലക്ഷ്യങ്ങൾ**

- ഒരു കഥ വായിക്കുന്നതോടൊപ്പം ആ കഥയെ ദൃശ്യങ്ങളായി ഭാവനയിൽ കാണാനും അവ വരച്ച് കഥാചിത്രങ്ങളായി ആവിഷ്ക്കരിക്കാനും.
- ചലച്ചിത്രത്തിലെ ഫ്രെയിമുകളെപ്പറ്റിയും അതിന്റെ സാങ്കേതികതയെപ്പറ്റിയും മനസ്സിലാക്കുന്നു.

| ആശയം/ധാരണ | പഠനപ്രവർത്തനങ്ങൾ/ പഠനതന്ത്രങ്ങൾ | സാമഗ്രികൾ | ഉൽപ്പന്നങ്ങൾ |
|---|---|---|---|
| • ആശയ വ്യക്തത യോടെ ചിത്രങ്ങൾ ആവിഷ്കരിക്കുക വഴി ദൃശ്യഭാഷ കൈകാര്യം ചെയ്യാനുള്ള കഴിവ്<br>• സിനിമാനിർമ്മാണ ത്തിലെ സ്റ്റോറിബോർഡ് എന്ന സങ്കേതം പരിചിതമാകുന്നു. | • പാഠഭാഗത്തെ ഡയറി ക്കുറിപ്പിൽ നിന്നും ദൃശ്യങ്ങളെ കണ്ടെത്തുന്നു.<br>• ദൃശ്യങ്ങൾക്കനുസരിച്ച് സ്റ്റോറിബോർഡ് വരയ്ക്കുന്നു.<br>• ഫ്രെയിമിന്റെ സാങ്കേതികത പരിചയപ്പെടുത്തുന്നു. | • പേപ്പർ, പെൻസിൽ, ഇറേസർ, സ്കെയിൽ, | • സ്റ്റോറിബോർഡ് |

**പാഠഭാഗത്തിലേക്ക്**

**പീരിയഡ് 1**

**പ്രവർത്തനം -1**

പാഠപുസ്തകത്തിൽ തന്നിരിക്കുന്ന ഡയറിക്കുറിപ്പ് വായിച്ചുകൊണ്ട് കുട്ടികളെ പാഠഭാഗ ത്തേക്ക് എത്തിക്കാം. അനുവിന്റെ അച്ഛൻ വിദ്യാർത്ഥിയായിരുന്നപ്പോൾ എഴുതിയ പഠനയാത്രാക്കുറിപ്പാണിത്. ഡയറിക്കുറിപ്പിന്റെ വിശദീകരണത്തെത്തുടർന്ന് ഏതാനും ചോദ്യങ്ങളിലൂടെ കുട്ടികളിമായി സംവാദം നടത്താം.

ഉദാ: പഠനയാത്രയുടെ ഭാഗമായി എന്തെല്ലാമാണ് കണ്ടത്?

- വള്ളത്തോൾ പ്രതിമ
- കൂത്തമ്പലം
- നൃത്തക്കളരി
- വള്ളത്തോൾ മ്യൂസിയം
- കലാമണ്ഡലം

കുട്ടികളുമായി സംവദിച്ച് പട്ടിക പൂർത്തിയാക്കുക.

അനുവിന്റെ അച്ഛൻ വിദ്യാർഥിയായിരിക്കെ പഠനയാത്ര പോയപ്പോൾ ഡയറിക്കുറിപ്പാണ് എഴുതിയത്. എന്നാൽ ഇന്ന് നമ്മൾ പഠനയാത്ര പോകുകയാണെങ്കിൽ കാഴ്ചകളെ എങ്ങനെയാണ് ശേഖരിച്ചുവയ്ക്കുക?.

ഉദാ:

- കുറിപ്പെഴുതാം
- വീഡിയോ എടുക്കാം
- ഫോട്ടോഗ്രഫി ഉപയോഗിക്കാം
- ആൽബം നിർമ്മിക്കാം
- വ്ലോഗ് ചെയ്യാം

തുടങ്ങിയവ...

ഉദാഹരണങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടികളുമായി സംവദിച്ച് പട്ടിക പൂർത്തിയാക്കാൻ സഹായിക്കാം.

**പ്രവർത്തനം 2**

അനുവിന്റെ അച്ഛൻ പോയ അതേ സ്ഥലത്തേക്ക് ഒരു പഠനയാത്ര ഇന്ന് പോയാലോ? അത് വീഡിയോ ആയി ചിത്രീകരിച്ചാലോ? എന്നീ ചോദ്യങ്ങളിലൂടെ കുട്ടികളെ പ്രവർത്തനത്തിലേക്ക് എത്തിക്കുന്നു.

യാത്രയുടെ വീഡിയോ നിർമ്മിക്കുന്ന ഘട്ടങ്ങൾ എഴുതൂ...

ഉദാ:

- സ്കൂൾ മുറ്റത്ത് യാത്രയ്ക്കൊരുങ്ങി നിൽക്കുന്ന കുട്ടികൾ
- ബസ്സിനുള്ളിൽ കുട്ടികൾ ഇരിക്കുന്നു

- കലാമണ്ഡലത്തിലേക്ക് ബസ് എത്തുന്നു
- ബസ്സിൽ നിന്നും കുട്ടികൾ വരിവരിയായി പുറത്തേക്ക് ഇറങ്ങുന്നു
- അധ്യാപകർ കുട്ടികളെ വരിവരിയായി നിർത്തുന്നു.
- വരിവരിയായി കുട്ടികൾ പുറത്തേക്ക് നടക്കുന്നു
- മ്യൂസിയത്തിന് മുന്നിലെത്തുന്നു
- മ്യൂസിയത്തിന് ഉൾവശത്തേക്ക് കടക്കുന്നു.
- മ്യൂസിയത്തിലെ ദൃശ്യങ്ങൾ അത്ഭുതത്തോടെ നോക്കുന്ന കുട്ടികൾ

**തുടർന്നെഴുതാം.**

"നിങ്ങൾ എഴുതിയ ദൃശ്യങ്ങൾ ഓരോന്നും വരയ്ക്കുകയാണെങ്കിൽ അത് വീഡിയോ ചിത്രീകരണത്തിന് എളുപ്പമാകില്ലേ" എന്നു ചോദിച്ച് ചർച്ച ക്രോഡീകരിക്കുന്നു.

**പീരീഡ് - 2**

**പ്രവർത്തനം 1**

കുട്ടികൾ എഴുതിയ ദൃശ്യങ്ങളിലെ വിശദാംശങ്ങൾ എടുത്ത് പറഞ്ഞ് ക്ലാസ്സ് ആരംഭിക്കാം. സ്റ്റോറിബോർഡ് എന്താണെന്നും അതിന്റെ ആവശ്യകതയെയും കുറിച്ച് സംവദിക്കാം.

ഒരു ദൃശ്യം ചിത്രീകരിക്കുന്നതിന് സഹായകമായി വരയ്ക്കുന്ന ചിത്രങ്ങളെയും നിർദേശങ്ങളെയുമാണ് 'സ്റ്റോറിബോർഡ്' എന്നുപറയുന്നത്. വീഡിയോ നിർമ്മാണത്തിന്റെ ആവശ്യകതയ്ക്കനുസരിച്ച് വ്യത്യസ്ത ഫ്രെയിമുകളും ക്യാമറാ ആംഗിളുകളും ഉൾപ്പെടുത്തി വേണം സ്റ്റോറിബോർഡ് തയ്യാറാക്കാൻ.

സ്റ്റോറിബോർഡിനെ പരാമർശിച്ചുകൊണ്ട് സ്റ്റോറിബോർഡ് വരയ്ക്കുന്ന പ്രവർത്തനത്തിലേക്ക് കടക്കുന്നു. പാഠഭാഗത്തിൽ തന്നിരിക്കുന്ന (പേജ് 42) രണ്ടു ചിത്രങ്ങളെ പരിചയപ്പെടുത്തുന്നു.

1. ബസ്സിൽ നിന്നും ഇറങ്ങിവരുന്ന കുട്ടികൾ
2. വരിവരിയായി പുറത്തേക്ക് നടന്നുപോകുന്ന കുട്ടികൾ

തുടർന്നുള്ള ഫ്രെയിമുകളിൽ ചിത്രങ്ങൾ സ്വയം വരയ്ക്കാൻ ആവശ്യപ്പെടാം.

- കുട്ടികൾ മ്യൂസിയത്തിന് മുന്നിലെത്തുന്നു
- മ്യൂസിയത്തിനുള്ളിലെ കാഴ്ചകൾ കാണുന്ന കുട്ടികൾ
- മ്യൂസിയത്തിലെ വസ്തുക്കൾ
- ടീച്ചർ കുട്ടികൾക്ക് വിശദീകരിച്ചു കൊടുക്കുന്നു.
- അത്ഭുതത്തോടെ നോക്കുന്ന കുട്ടികൾ
- മ്യൂസിയത്തിൽ നിന്ന് പുറത്തേക്കിറങ്ങുന്ന കുട്ടികൾ
- പുറത്ത് കാഴ്ച ആസ്വദിക്കുന്ന കുട്ടികൾ
- ബസ്സിലേക്ക് കുട്ടികൾ കയറുന്നു
- ബസ് പുറപ്പെട്ട് അകലേക്ക് നീങ്ങുന്നു.

ആവശ്യമെങ്കിൽ മുകളിൽ കൊടുത്തിട്ടുള്ള രീതിയിൽ കൂടുതൽ ഫ്രെയിമുകൾ വരയ്ക്കാം. വ്യത്യസ്തമായ ക്യാമറ ആംഗിളുകളും ഫ്രെയിമുകളും ഉപയോഗിച്ച് ഭംഗിയാക്കാൻ നിർദേശിക്കുക.

കുട്ടികൾ വരച്ച സ്റ്റോറിബോർഡ് ക്ലാസിൽ പ്രദർശിപ്പിക്കാൻ നിർദ്ദേശം നൽകാം.

ഈ സ്റ്റോറിബോർഡുകൾ അടിസ്ഥാനമാക്കി ചിത്രീകരണം സാധ്യമാണോ എന്ന് ചർച്ച ചെയ്യാം. അധ്യാപകൻ ചർച്ച ക്രോഡീകരിക്കണം.

- ദൃശ്യവിവരണത്തിനനുസരിച്ച ചിത്രങ്ങളാണോ സ്റ്റോറിബോർഡിൽ വന്നിട്ടുള്ളത്.
- കഥയുടെ തുടർച്ച ചിത്രങ്ങളിലൂടെ കാണാൻ സാധിക്കുമോ
- പശ്ചാത്തല വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടോ
- ഭാവപ്രകടനങ്ങൾ മനസ്സിലാക്കാവുന്ന രീതിയിൽ ഫ്രെയിമുകളെ വലുതാക്കി വരച്ചിട്ടുണ്ടോ

**അധിക വിവരങ്ങൾ**

ചലച്ചിത്രത്തിൽ നിശ്ചലദൃശ്യങ്ങളെ ചേർത്തുവച്ചാണ് ചലനം സാധ്യമാക്കുന്നത്. ഓരോ നിശ്ചലദൃശ്യവും ഓരോ ഫ്രെയിമുകളാണ്. ഒരു സെക്കൻഡിൽ 24 ഫ്രെയിമുകൾ ചലിക്കുമ്പോഴാണ് സിനിമയിൽ ചലനം അനുഭവപ്പെടുന്നത്. ഇന്ന് വ്യത്യസ്ത ഫ്രെയിംറേറ്റുകൾ സിനിമയിലും വീഡിയോ കളിലും ഉപയോഗിക്കാറുണ്ട്.

പാഠഭാഗത്ത് തന്നിരിക്കുന്ന (പേജ് 143) ചലന ചിത്രങ്ങളിൽ വ്യത്യസ്ത ഫ്രെയിംറേറ്റുകൾ ഉപയോഗിക്കു മ്പോൾ ഉണ്ടാകുന്ന വ്യക്തത (Clarity) വ്യത്യാസങ്ങൾ നിരീക്ഷിക്കൂ.

- ഫ്രെയിം റേറ്റ് കൂടുന്നതിനനുസരിച്ച് ഇമേജുകൾക്ക് വ്യക്തത കൂടുന്നു.
- വേഗതയിൽ ചലിക്കുന്ന വസ്തുക്കളെ ചിത്രീകരിച്ച് പ്രദർശിപ്പിക്കുവാൻ വേണ്ടി ഫ്രെയിം റേറ്റ് കൂട്ടി ഷൂട്ട് ചെയ്യാം.

**വിലയിരുത്തൽ**

- ദൃശ്യങ്ങളെ സ്റ്റോറിബോർഡായി വരയ്ക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ?
- എന്താണ് ഫ്രെയിം?
- കുട്ടി വീട്ടിൽ നിന്നും പുറപ്പെട്ട് സ്കൂളിൽ എത്തുന്നതുവരെയുള്ള ദൃശ്യങ്ങൾ സ്റ്റോറീബോർഡ് ആയി വരയ്ക്കുക. (കുട്ടിയാണ് കഥാപാത്രം)